V അനൗദ്യോഗിക അംഗങ്ങളുടെ കാര്യം

മി. സ്പീക്കർ: പ്രസ്തുത അജണ്ട 10.30-നാണ് ആരംഭിക്കേണ്ടിയിരുന്നത് 12.30-ന് അവസാനിപ്പിക്കുകയും വേണം. ആരംഭിക്കാൻ അല്പം വൈകിയെങ്കിലും അവസാനിപ്പിക്കുന്ന സമയത്തിൽ മാറ്റം ഉണ്ടാകില്ല. അതിനാൽ അഡ്ജസ്റ്റ് ചെയ്ത് പോകേണ്ടതുണ്ട്. സാധാരണഗതിയിൽ ഒരു ബില്ലിന്റെ കാര്യത്തിൽ ഏകദേശം 24 മിനിറ്റ് സമയംവരെ ചർച്ച ചെയ്യാമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ആകെ സമയത്തിൽ കുറവുണ്ടായതിനാൽ ആനുപാതികമായ കുറവ് പ്രസ്തുത ബില്ലുകളുടെ അവതരണത്തിനും ഉണ്ടാകുമെന്ന് ഞാൻ ആമുഖമായി ഓർമ്മിപ്പിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും സഹകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. മാത്യു കുഴൽനാടൻ: സർ, അനൗദ്യോഗിക ബില്ലുകളും

പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭവങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ വ്യക്തികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള ബില്ലിന്റെ ഉദ്ദേശ്യം പരിഗണനാർഹമാണ്. എന്നാൽ, മാനസിക വെല്ലുവിളിയെന്ന വാക്കിന്റെ നിർവചനം തന്നെ വ്യക്തതയുള്ളതല്ല. ഈ വിഭാഗങ്ങളുടെ സംരക്ഷണം, ചികിത്സ, പുനരധിവാസം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനായി ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന വിവിധ പദ്ധതികളും സേവനങ്ങളും നിലവിലുണ്ട്. കൂടാതെ 2016-ലെ Rights of Persons with Disabilities Act പ്രകാരം ശാരീരികവും മാനസികവുമായ എല്ലാ പരിമിതികളെയും അത് അഡ്രസ്സ് ചെയ്യുന്നുണ്ട്.

ബില്ലിൽ നിർദേശിച്ചിട്ടുള്ള സംസ്ഥാനതല-ജില്ലാതല അധികാരികളുടെ രൂപീകരണം, പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പ്, സ്ഥാപനങ്ങളുടെ നിരീക്ഷണം, പരിശീലന സംവിധാനങ്ങൾ, പരാതികളിൽ തുടർ നടപടികൾ

സ്വീകരിക്കൽ തുടങ്ങിയവ നിലവിലുള്ള സംവിധാനങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിനാൽ സമാന ചുമതലകൾ നിർവഹിക്കുന്ന സംവിധാനങ്ങൾ ആവർത്തിക്കാതെ നിലവിലുള്ള പദ്ധതികളെയും സേവനങ്ങളെയും ഏകോപിപ്പിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നിലവിലുള്ള നിയമങ്ങളുടെയും പദ്ധതികളുടെയും പ്രയോജനം ഈ വിഭാഗങ്ങൾക്ക് പൂർണ്ണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ആവശ്യമായ അധിക സേവനങ്ങൾ നിലവിലുള്ള സംവിധാനങ്ങളിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നതാണ് ഉചിതം. മേൽ സാഹചര്യത്തിൽ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും ഉൾക്കൊള്ളുന്ന പുതിയ നിയമനിർമ്മാണത്തിന് പകരം നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും ഈ വിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിനാൽ 16-ാം നിയമസഭയുടെ 2-ാം സമ്മേളനത്തിൽ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ, എം.എൽ.എ. അനൗദ്യോഗിക ബിൽ നം. 10 ആയി നോട്ടീസ് നൽകിയ 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ നിലവിലുള്ള രൂപത്തിൽ പരിഗണിക്കേണ്ടതില്ലായെന്നാണ് ആരോഗ്യ വകുപ്പിന്റെ അഭിപ്രായം.

മി. സ്പീക്കർ: കളക്ടീവ് റെസ്പോൺസിബിലിറ്റി ഉള്ള ബില്ലാണിത്. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി മന്ത്രിസഭയുടെ അഭിപ്രായം പറഞ്ഞെങ്കിലും മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അധിക വിവരങ്ങൾ പറയാനുണ്ടെങ്കിൽ ആയത് പറയാവുന്നതാണ്.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവയിൽ ഭേദഗതി വരുത്തി മുന്നോട്ട്

പോകാവുന്നതാണ്. ഇപ്പോഴത്തെ നിലയിൽ പ്രസ്തുത ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഭിന്നശേഷിക്കാർക്കുള്ള നിയമം അത്തരത്തിലുള്ള എല്ലാപേർക്കും കൂടിയുള്ളതാണ്. മാനസികമായി വെല്ലുവിളി നേരിടുന്നവർക്ക് തങ്ങളുടെ കാര്യങ്ങളിൽ സ്വയം തീരുമാനമെടുക്കാനും അവ പ്രാവർത്തികമാക്കാനുമുള്ള സ്വാഭാവികമായ ശേഷിക്കുറവ് ഉണ്ടെന്നത് വസ്തുതയാണ്. അതുകൊണ്ട് ഭിന്നശേഷിക്കാരായ എല്ലാപേർക്കുമുള്ള നിയമം ഇതിന് മതിയാകില്ല. അതിനാലാണ് ഇത്തരമൊരു പ്രത്യേക ബിൽ ഞാൻ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുപ്രകാരം ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു ബിൽ അവതരണത്തിനായി തയ്യാറാക്കുകയാണ്. പ്രസ്തുത ബില്ലിന്റെ സ്കോപ്പ് അത് പബ്ലിഷ് ചെയ്യുമ്പോൾ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. പബ്ലിഷ് ചെയ്യാത്ത ഒരു ബില്ലിനെക്കുറിച്ച് ആന്റിസിപ്പേറ്ററിയായി ഒരു അഭിപ്രായം പറയുന്നത് ശരിയായ നടപടിയല്ല. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച

ആശങ്കകൂടി പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബില്ല് ഗവൺമെന്റ് കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഈ വിഭാഗങ്ങളിൽ ഉള്ളവർക്ക് പ്രത്യേക പരിരക്ഷ നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം അഭിപ്രായമുന്നയിച്ച സ്ഥിതിക്ക് അത്തരമൊരു ബില്ലിന് തീർച്ചയായും സാധ്യതയുണ്ട്.

മി. സ്പീക്കർ: ഇനി ഇക്കാര്യത്തിൽ തുടർ ചർച്ച ആവശ്യമുണ്ടെങ്കിൽ അങ്ങേയ്ക്ക് ഹ്രസ്വമായി പറയാം.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ ജനവിഭാഗങ്ങളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന നിരവധിയായ പ്രയാസങ്ങൾക്കും അവയുടെ സാമൂഹിക പ്രത്യാഘാതങ്ങൾക്കും പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരും അവരുടെ സംരക്ഷകരായ രക്ഷിതാക്കളും അവരുടെ കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായി തീരുന്ന സാഹചര്യത്തിൽ

അവർക്ക് സംരക്ഷണവും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിശീലനവും സഹായവും നൽകേണ്ടിയിരിക്കുന്നു. ജനിതക വൈകല്യങ്ങൾ മൂലവും മറ്റ് കാരണങ്ങളാലും മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷിയില്ലാതെ കിടപ്പിലായവരും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സാമൂഹ്യമായ ഒറ്റപ്പെടലുകളും വളരെ വേദനാജനകമാണ്. ഇത്തരത്തിൽ ബുദ്ധിമുട്ടുന്നവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിന് പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയുണ്ട്. ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ സമൂഹത്തിൽ പ്രവർത്തിക്കുമ്പോൾ മാനസിക വെല്ലുവിളി നേരിടുന്നവരുടെയും കിടപ്പിലായ രോഗികളുടെയും രക്ഷിതാക്കളിൽനിന്നും സ്ഥിരമായി കേൾക്കുന്ന ഒരു ആശങ്കയുണ്ട്; ഞങ്ങളുടെ കാലശേഷം ഞങ്ങളുടെ മക്കളുടെ സ്ഥിതി എന്താകും? എന്നത്. അതുകേൾക്കുമ്പോൾ വലിയ പ്രയാസം തോന്നുന്നു. അതുകൊണ്ടുതന്നെ പല രക്ഷിതാക്കളും മക്കളെ കൊലപ്പെടുത്തിന്നിടത്തേക്ക് പോലും

കാര്യങ്ങളെത്തുന്നുണ്ട്. മൂന്ന് വർഷങ്ങൾക്ക് മുമ്പ് കാസർഗോഡ് ജില്ലയിൽ 21 വയസ്സായ മാനസിക വെല്ലുവിളി നേരിടുന്ന മകളെ കൊലപ്പെടുത്തിയശേഷം അമ്മ തൂങ്ങിമരിച്ച സംഭവമുണ്ടായിട്ടുണ്ട്. അതേ വീടിനടുത്തുതന്നെ 25 വയസ്സായ മാനസിക വെല്ലുവിളി നേരിടുന്ന മകളെ വിഷംകൊടുത്ത് കൊന്നതിനുശേഷം അമ്മയും വിഷം കഴിച്ച് ആത്മഹത്യ ചെയ്ത സംഭവമുണ്ടായിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നിലവിൽ നിരവധിയായിട്ടുള്ള സ്കീമുകളുണ്ടെങ്കിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചലനശേഷി പൂർണ്ണമായി ഇല്ലാതായിട്ടുള്ള ആളുകൾ വീട്ടിൽ കിടക്കുമ്പോൾ അവരെ സംബന്ധിച്ചിടത്തോളം രക്ഷിതാക്കൾക്ക് ജോലിക്ക് പോകാൻ സാധിക്കാതെ അവരെ പരിചരിക്കുന്നൊരു സാഹചര്യമാണുള്ളത്. സിവിയർ ആയിട്ടുള്ള intellectual disability-യുള്ള ആളുകളെ സംബന്ധിച്ചിടത്തോളം എപ്പോഴും അവരുടെ കൂടെ ഒരാൾ നിർബന്ധമായും വേണം. നിലവിലുള്ള സ്കീമുകളിൽ ചില പരിമിതികളുണ്ട്. ഇവരെ ആജീവനാന്തം സർക്കാർ ഏറ്റെടുക്കുന്ന ഒരു ബില്ലാണല്ലോ അങ്ങ് അവതരിപ്പിക്കുന്നത്.

സ്വാഭാവികമായും രക്ഷിതാക്കളുടെ മരണശേഷം ഈ കുട്ടികളുടെ ഭാവി എന്താണെന്നുള്ളതാണ് ബഹുഭൂരിപക്ഷം വരുന്ന ഭിന്നശേഷിക്കാരായ കുട്ടികളുള്ള രക്ഷിതാക്കളുടെ മാനസികാവസ്ഥ എന്ന് പറയുന്നത് എന്റെ കാലശേഷം ഈ കുട്ടി എങ്ങനെ ജീവിക്കുമെന്നുള്ളതാണ്. ഇതോടൊപ്പംതന്നെ സ്വാഭാവികമായും ചില കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം അവർ കുറച്ച് മുതിർന്നു വലിയ രീതിയിലുള്ള അക്രമ വാസനയുണ്ടാകുന്ന സാഹചര്യമുണ്ട്. സ്വന്തം കുഞ്ഞുങ്ങളാണ്. എന്റെ മണ്ഡലത്തിൽത്തന്നെ ഒരാളുടെ കുട്ടി വലിയ രീതിയിൽ ആക്രമിക്കുകയും എന്നാൽ സ്വന്തം കുഞ്ഞാണെന്ന് കരുതി എല്ലാ കാര്യങ്ങളും മറ്റിവച്ചിട്ടും അവസാനം അദ്ദേഹം ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. സ്വാഭാവികമായിട്ടും വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ് അങ്ങ് അവതരിപ്പിച്ചിട്ടുള്ളത്. അവരെ ആജീവനാന്തം ഏറ്റെടുക്കുന്നതിന് ഈ നിയമം പാസ്സായി കിട്ടുമെങ്കിൽ അങ്ങനെ അതല്ലെങ്കിൽ അതിനായി ഗവൺമെന്റ് ഒരു തീരുമാനമെടുക്കുകയും അവരെ ഏറ്റെടുക്കുകയും ചെയ്യണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ വേഗം ചോദിക്കൂ.

ശ്രീമതി കെ. കെ. രമ: സർ, ഒരു മിനിട്ട്. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. സർക്കാരിന്റെ പരിഗണനയിൽ ആ ബില്ല് സംബന്ധിച്ചുണ്ടാകും. പക്ഷേ, ഇത്തരം കുട്ടികളുള്ള വീട്ടിലെ രക്ഷിതാക്കളെ സംബന്ധിച്ച് ഏറ്റവുമധികം ദുരന്തം അവർ അനുഭവിക്കുന്നുണ്ട്. അവർക്കൊരു സന്തോഷവും ജീവിതത്തിലുണ്ടാകില്ല. ഒരു സ്ഥലത്തും അവർക്ക് പോകാൻ സാധിക്കില്ല. ഈ കുട്ടികളെ ഏറ്റെടുക്കുകയും അവർക്കുള്ള ഷെൽറ്ററുകളുണ്ടാക്കുകയും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതി സർക്കാരിന്റെ ഭാഗത്തുണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിലെ ഒരു ആവശ്യം. അത് തീർച്ചയായി അനുഭാവപൂർവം ആ തരത്തിൽ കാണണമെന്ന് തന്നെയാണ് എനിക്ക് രേഖപ്പെടുത്താനുള്ളത്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഇപ്പോൾ സൂചിപ്പിച്ചതുപോലെ കാസർഗോഡിനടുത്ത് ഒരേ കുടുംബത്തിലെ നാല് സഹോദരങ്ങൾ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. അവർക്ക് നാല് പേർക്കും 40 വയസ്സിൽക്കൂടുതൽ പ്രായമുണ്ട്. അവരുടെ കാര്യം നോക്കുന്നത് 40 വയസ്സായ

അവരുടെ സഹോദരിയാണ്. ഒരു ജോലിക്കും ആ സഹോദരിക്ക് പോകാൻ കഴിയുന്നില്ല. അവരുടെ വാപ്പ മരിച്ചു. ഉമ്മ പ്രായാധിക്യം കാരണം കിടപ്പിലാണ്. ആ സഹോദരി ഈ നാല് സഹോദരങ്ങളെയും നോക്കുന്നത് എൻഡോസൾഫാൻ സാന്ത്വന സഹായമായി ഓരോരുത്തർക്കും പ്രതിമാസമായി ലഭിക്കുന്ന 2200/- രൂപ മാത്രമാണ് അവർക്ക് വരുമാനമായുള്ളത്. ആ സഹോദരിക്ക് ഈ അടുത്ത നാളിൽ ഒരു സർജറി ഡോക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ആ സർജറിക്കാവശ്യമായ തുക നൽകാൻ അവിടത്തെ മനുഷ്യസ്നേഹികളായ ആളുകൾ തയ്യാറായിട്ടുണ്ട്. പക്ഷേ, ഈ സഹോദരങ്ങളെ നോക്കാൻ ആരുമില്ലാത്തതുകൊണ്ട് സർജറിക്കുപോലും പോകാൻ കഴിയാത്തൊരവസ്ഥയാണുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ അവർക്ക് കല്യാണത്തിനോ, നാട്ടുകാർ കൂടുന്ന ഒരു കാര്യത്തിനും പോകാൻ കഴിയാത്ത ധാരാളം രക്ഷിതാക്കളും കുടുംബത്തിലെ അംഗങ്ങളുമുണ്ടെന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്. അതുപോലെ ഇവരുടെ കാര്യങ്ങൾ നോക്കുന്നതിന് സഹായകരമായ നിലയിലുള്ള സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പല കേന്ദ്രങ്ങളിലുമുണ്ട്. അത്

വലിയ ചെലവ് വരുന്ന കാര്യങ്ങളാണ്. കിടപ്പ് രോഗികളെ എന്തായാലും കൊണ്ടുവരാൻ കഴിയില്ല. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ഉൾപ്പെടെ എത്തിക്കുന്നതിന് വാഹനങ്ങൾക്ക് വലിയ തുക ചെലവാകുന്നു. അവർക്ക് വിവിധ തരത്തിലുള്ള തെറാപ്പികൾ ആവശ്യമായി വരുന്നു. ഫിസിയോ തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയർ തെറാപ്പി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ടി വരുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം ഏറ്റവും പ്രധാനപ്പെട്ടതാണ്. എന്റെ മണ്ഡലത്തിൽ മാർത്തോമ്മ സഭയുടേയും ഓർത്തഡോക്സ് സഭയുടേയും ഇത്തരത്തിലുള്ള കുഞ്ഞുങ്ങളെ നോക്കുന്നതിനായുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളെന്ന നിലയിൽ സഭകൾ ചെയ്യുന്ന പ്രവർത്തനങ്ങളാണ്. ഈ നിലയിൽ സ്വകാര്യ വ്യക്തികൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് സർക്കാർ എയ്ഡ് കൊടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത് നല്ലതായിരിക്കും. ചിലപ്പൊൾ സർക്കാർ മേഖലയിൽ ഇതൊക്കെ പ്രവർത്തിക്കുമ്പോൾ ആളുകൾ മാറി വരുന്നു. മറ്റ് പ്രവർത്തനങ്ങളെല്ലാം വരുമ്പോൾ ആ നിലയിൽ

ഇതിനെ കൊണ്ടുപോകാൻ കഴിയില്ല. അവിടത്തെ ജ്യോതിസ്സുൾ എന്നൊക്കെ പറയുന്ന സ്കൂളുകൾ ഏറ്റവും ഭംഗിയായി ഈ പറയുന്ന മാതാപിതാക്കളെക്കൂടി സംരക്ഷിക്കാൻ കഴിയുന്ന നിലയിലേക്കുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുന്നതാണ്. ഈ നിലയിൽ സർക്കാരിന്റെയൊരു സപ്പോർട്ട് അവർക്ക് കൊടുത്തുകൊണ്ട് മുന്നോട്ട് പോയാൽ കൂടുതൽ ഗുണകരമാകില്ലേ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ഒരു കുട്ടി ഒരു കുടുംബത്തിലുണ്ടായാൽ ആ കുടുംബത്തിലെ ദുരിതമെന്നുള്ള കാര്യത്തിൽ ഇവിടെ പറഞ്ഞ അംഗങ്ങളുടെ അഭിപ്രായത്തോട് നമുക്കെല്ലാം യോജിക്കാൻ കഴിയും. ഇത്തരത്തിലുള്ള കുട്ടികളെ പരിചരിക്കുന്നതിനുവേണ്ടി പല സന്നദ്ധ സംഘടനകളും പല സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അത്തരം സ്ഥാപനങ്ങൾ നടത്തുന്നവരെ നമ്മൾ വേണ്ട രീതിയിൽ പരിഗണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ എല്ലാവരുടേയും ആവശ്യമായി കണക്കാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജക

മണ്ഡലത്തിൽ ഇത്തരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിവിധങ്ങളായ പാഠ്യപദ്ധതികൾ സ്റ്റിച്ചിങ് ഉൾപ്പെടെ അവരെ സ്വയം പര്യാപ്തതയിലേക്ക് കൊണ്ടുവരാനുള്ള ചെറിയ ചെറിയ ജോലികൾ ചെയ്യുന്നതിനുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമുണ്ട്. 15 വർഷക്കാലമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇപ്പോൾ അതിന്റെ ഫിറ്റ്നസ് എടുക്കാൻ ചെന്നപ്പോൾ ആ സ്ഥലം നിലമായിട്ടാണ് കിടക്കുന്നത്. അത് തരം മാറ്റണമെങ്കിൽ അവർക്ക് വലിയ ഫീസ് കൊടുക്കേണ്ട സാഹചര്യമാണുള്ളത്. അപ്പോൾ സ്വാഭാവികമായും അവർക്ക് ഈ സ്ഥാപനങ്ങൾ നടത്തുകയും ഇത്തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുകയും ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് അവർക്ക് കുറച്ച് റിലാക്സേഷൻ കൊടുത്ത് അത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടിയുണ്ടാകമെന്നുള്ള വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: യെസ്... ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അങ്ങ് കൺക്ലൂഡ് ചെയ്യണം. അങ്ങയുടെ സമയമാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഏറെയുള്ള സ്ഥലമാണ്. എൻഡോസൾഫാൻ തളിക്കുന്നത് നിരോധിച്ചിട്ട് 25 വർഷമായിട്ടും ഇപ്പോൾ ജനിക്കുന്ന കുട്ടികൾക്കുപോലും അതുമായി ബന്ധപ്പെട്ട ജനിതക വൈകല്യങ്ങളുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. ആ നിലയിലുള്ള കുട്ടികളെയടക്കം സഹായിക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിൽ സ്നേഹവീടെന്ന സ്ഥാപനമുണ്ട്. ആ സ്നേഹവീട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുട്ടികളെ എത്തിച്ച് ഈ തെറാപ്പികളെല്ലാം നടത്തുന്നതിനും മറ്റുമായി ഒരു മാസത്തിൽ 6.5 ലക്ഷം രൂപ ചെലവാകുമെന്നാണ് പറയുന്നത്. ധാരാളം നല്ല മനസ്സുകളുടെ സഹായത്തോടുകൂടിയാണ് അങ്ങനെയുള്ള സ്ഥാപനങ്ങൾ നടത്തുന്നത്. അതുപോലെ സ്പെഷ്യൽ സ്കൂളുകൾ, റോട്ടറി സ്പെഷ്യൽ സ്കൂളുകളെല്ലാമുണ്ട് അങ്ങനെയുള്ള സ്കൂളുകളിലേക്ക് ഒരു കുട്ടി ഒന്നോ-രണ്ടോ-മൂന്നോ വയസ്സാകുമ്പോൾ എത്തിയാൽ 18 വയസ്സുവരെ ചില സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ ചെറിയ സഹായമൊക്കെ നൽകാറുണ്ട്. എന്നാൽ 18 വയസ്സ്

കഴിഞ്ഞാൽ അങ്ങനെയുള്ള സഹായം നൽകുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. 18 വയസ്സുകഴിഞ്ഞാൽ ആ കുട്ടിയോട് ഇനിവരേണ്ടെന്ന് പറയാൻ ഒരു സ്പെഷ്യൽ സ്കൂളുകാർക്കും കഴിയില്ല. അപ്പോൾ ആ കുട്ടി അവിടെ തുടരുകയാണ്. അവരുടെ ബാധ്യതകൂടി അവർ ഏറ്റെടുക്കേണ്ട ഒരവസ്ഥയാണുള്ളത്. ഈ നിലയിലുള്ള ധാരാളം പ്രശ്നങ്ങൾ ഈ രംഗത്തുണ്ടെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇങ്ങനെയുള്ളവരുടെ പരിരക്ഷയ്ക്ക് ആജീവനാന്ത സംരക്ഷണം നൽകുന്ന കേന്ദ്രങ്ങൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുണ്ടാകണമെന്നാണ് പറയാനുള്ളത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞങ്ങാട് അംഗം ഇവിടെ പറഞ്ഞ വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പാർപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കാനും ഇതുമായി ബന്ധപ്പെട്ട പല പരിപാടികളിലും പങ്കെടുക്കാനും ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് സന്ദർഭം ലഭിച്ചിട്ടുണ്ട്. അത്തരം കുട്ടികളുടെ അമ്മമാരെയാണ് ഞാൻ

എപ്പോഴും ശ്രദ്ധിക്കാറുള്ളത്. അവരുടെ ദുരിതങ്ങളും കണ്ണുനീരും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിൽ ഇവിടെ പറഞ്ഞ എല്ലാ വികാരങ്ങളോടും സർക്കാർ യോജിക്കുന്നു. ഇക്കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് സമഗ്രമായൊരു നിയമം ഈ സഭയിൽത്തന്നെ കൊണ്ടുവരാൻ ശ്രമിക്കും. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ ഉറപ്പുനൽകുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് സഭയ്ക്ക് ലഭിച്ചിരിക്കുകയാണ്.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, ഇവിടെ പ്രധാനമായും രണ്ട് കാര്യങ്ങളാണ് സൂചിപ്പിച്ചത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ പ്രയാസങ്ങൾ ഇവിടെ സൂചിപ്പിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 'അൻപ് വീട്' എന്ന പുതിയ പദ്ധതി ഇൻട്രൊഡ്യൂസ് ചെയ്തിട്ടുണ്ട്. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾക്ക് അത്യാവശ്യഘട്ടങ്ങളിൽ പുറത്തുപോകേണ്ടിവരുമ്പോൾ കുട്ടികളെ

സംരക്ഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു ദിവസത്തേയ്ക്ക് 1500 രൂപ സർക്കാർ നൽകുന്നതാണ്. മാസത്തിൽ ഏഴ് ദിവസംവരെ ഈ സൗകര്യം നൽകുന്നുണ്ട്. ഇതിനുവേണ്ടി എൻ.ജി.ഒ.-കളെയും തയ്യാറായ കുടുംബങ്ങളെയും എംപാനൽ ചെയ്ത് ലിസ്റ്റ് പുറത്തിറക്കിയിട്ടുണ്ട്. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരമായിക്കൊണ്ടിരിക്കുകയാണ്. ടി പദ്ധതിയിലൂടെ കേരളമൊട്ടാകെ അത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതാണ്. അതുപോലെ, ഇത്തരം കുട്ടികളുടെ 18 വയസ്സിനുശേഷമുള്ള കാര്യങ്ങളും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതിന് ഒരു പരിഹാരം കാണുന്നതിനും ശ്രമിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയും മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രിയും സഭയിൽ പറഞ്ഞിട്ടുള്ള നിലപാടുകളുടെ അടിസ്ഥാനത്തിൽ ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ഈ ബിൽ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ</u>: സർ, തുടർ ചർച്ചയുണ്ടാകണമെന്ന്

അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(II) 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, നിലവിൽ കൗമാരക്കാർക്ക് മാനസികാരോഗ്യ സേവനങ്ങൾ സൈക്കോ സോഷ്യൽ കൗൺസിലർമാർ മുഖേന വിദ്യാലയങ്ങളിൽ ലഭ്യമാണ്. ഇവർക്ക് ആവശ്യമായ പരിശീലനങ്ങൾ മാനസികാരോഗ്യ പരിപാടിവഴി ജില്ലാതലത്തിൽ പതിവായി നടത്തിവരുന്നു. മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികളുടെ കാര്യത്തിൽ കൗൺസിലർമാർ പ്രാഥമിക

ഇടപെടൽ നടത്തുകയും വിദഗ്ധ പരിചരണം ആവശ്യമുള്ള കുട്ടികളെ മാനസികാരോഗ്യ പരിപാടിയുടെ ബ്ലോക്കുതല ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. മാനസികാരോഗ്യ പരിപാടിയുടെ ബ്ലോക്കുതല ക്ലിനിക്കുകളിൽ സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങിയ ടീമിന്റെ സേവനവും മാനസികാരോഗ്യ ഔഷധങ്ങളും സൗജന്യമായി ലഭ്യമാണ്. ഇതിനുപുറമെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ, ഹെൽത്ത് വർക്കർമാർ, എം.എൽ.എസ്.പി.-ആർ.ബി.എസ്.കെ. നഴ്സുമാർ, സ്കൂൾ അധ്യാപകർ എന്നിവർക്ക് കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും പ്രാഥമികമായ ഇടപെടൽ നടത്തുന്നതിനും പരിശീലനം നൽകിവരുന്നുണ്ട്. സഭയുടെ പരിഗണനയിലുള്ള 2026-കേരള കൗമാരക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബില്ലിലെ ഖണ്ഡിക (4) ഉപവിഭാഗ പ്രകാരം എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കൗമാരക്കാർക്ക് മാനസികാരോഗ്യ ചികിത്സയ്ക്കുള്ള ഔഷധങ്ങൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല, ഉപവിഭാഗം (3) പ്രകാരം എല്ലാ

പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും മാനസികാരോഗ്യ ചികിത്സയിൽ യോഗ്യത നേടിയവരെ നിയമിക്കുന്നതും പ്രായോഗികമല്ല. മേൽസാഹചര്യത്തിൽ ഈ ബില്ലിന് അംഗീകാരം നൽകാൻ സാധിക്കില്ല. ആയതിനാൽ 16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 16-10-2026-ൽ അവതരണാനുമതിക്കായി വച്ചിട്ടുള്ള അനൗദ്യോഗിക ബില്ലുകളിൽ ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. നോട്ടീസ് നൽകിയ അനൗദ്യോഗിക ബിൽ നമ്പർ 11, 2026-ലെ കേരള കൗമാരക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ പരിഗണിക്കേണ്ടതില്ലെന്നാണ് വകുപ്പിന്റെ അഭിപ്രായം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, സംസ്ഥാനത്തെ എല്ലാ കൗമാര പ്രായക്കാർക്കും തുല്യതയുള്ളതും ഗുണനിലവാരമുള്ളതുമായ മാനസികാരോഗ്യ പരിചരണം ഉറപ്പുവരുത്തുന്നതിനും അതുവഴി കൗമാര പ്രായമായവർവരെയുള്ള എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട ശാരീരിക ആരോഗ്യവും മാനസിക ഉയർച്ചയും കൈവരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ

കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്ന ബിൽ എന്ന രീതിയിലാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സ്റ്റീഫൻ ഇവിടെ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിൽ പറയുന്ന ആശയങ്ങൾ ഇന്നത്തെ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. നല്ലരീതിയിൽ ഹോംവർക്കുകൾ നടത്തി ഇത്തരമൊരു ബിൽ സഭയിൽ അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ബില്ലിന്റെ ലക്ഷ്യങ്ങളെയും അതിൽ ഉയർത്തിക്കാട്ടിയ സാമൂഹിക പ്രസക്തിയേയും ഞാൻ പൂർണ്ണമായി മാനിക്കുന്നു. ഈ വിഷയത്തിൽ സഭാംഗം പങ്കുവച്ച നിർദ്ദേശങ്ങളും ആശങ്കകളും അതീവ പ്രാധാന്യത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. വിദ്യാർഥികളുടെ മാനസികാരോഗ്യ സംരക്ഷണവും പഠന തുടർച്ചയും ഉറപ്പാക്കുന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലകൾ നിലവിലുള്ള സ്കൂൾ കൗൺസിലിങ് സംവിധാനങ്ങളുമായുള്ള ഏകോപനം, പാഠ്യപദ്ധതി സംയോജനം, വിവര സംരക്ഷണം, വിദ്യാലയ പരിശോധന, ഉത്തരവാദിത്വ നിർണ്ണയം, ആവശ്യമായ വിഭവ ലഭ്യത എന്നിങ്ങനെയുള്ള ബില്ലിലെ

വിദ്യാഭ്യാസ പ്രസക്തമായ വ്യവസ്ഥകളിൽ പരിഷ്കരണം ആവശ്യമാകയാലും അതിനായി സമഗ്രമായ പഠനം, വിദഗ്ധ സമിതികളുടെ വിലയിരുത്തലുകൾ എന്നിവ ആവശ്യമായതിനാലും ഈ ബില്ലിലെ വ്യവസ്ഥകൾ നിലവിലെ രൂപത്തിൽ നടപ്പാക്കുന്നത് പ്രായോഗികമല്ലായെന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം. ആയതിനാൽ ഈ ബിൽ പിൻവലിക്കാൻ സഭാംഗം തയ്യാറാകണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബില്ലുമായി ബന്ധപ്പെട്ട് തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി സംസാരിക്കുന്നുണ്ടോ?

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ബില്ലുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസാരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി. എം. ജോൺ): സർ, സംസാരിക്കുന്നില്ല.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ അവതരിപ്പിച്ച പ്രൈവറ്റ് ബില്ലിന്റെ അന്തഃസത്തയോട് ബഹുമാനപ്പെട്ട മന്ത്രിമാർ പൊതുവിൽ യോജിച്ചിരിക്കുകയാണ്. കൗമാര പ്രായക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സ്ഥിരമായി നിലനിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ഏകീകൃത രൂപമുണ്ടാകണമെന്നാണ് ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ലോകത്തെമ്പാടുമുള്ള കൗമാരക്കാർ ഈ കാലഘട്ടത്തിൽ വലിയ സമ്മർദ്ദവും വെല്ലുവിളികളുമാണ് നേരിടുന്നത്. അതുകൊണ്ടുതന്നെ ഇവരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം 10 വയസ്സ് മുതൽ 19 വയസ്സുവരെയുള്ള കാലഘട്ടത്തെയാണ് കൗമാരം എന്ന് നിർവചിച്ചിട്ടുള്ളത്. മനുഷ്യന്റെ ആയുസ്സിലെ വിവിധ വളർച്ചാഘട്ടങ്ങളായ ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നീ അവസ്ഥകളിൽ മധ്യത്തിൽ നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രായമാണ് കൗമാരപ്രായം. മാറ്റങ്ങളുടെ കാലഘട്ടമായാണ് ഈ പ്രായത്തെ

വിലയിരുത്തുന്നത്. ശാരീരികവും മാനസികവും വൈകാരികവും ബുദ്ധിപരവുമായ മാറ്റങ്ങളുടെ കാലഘട്ടമാണത്. കുട്ടിക്കാലത്തെ നിഷ്കളങ്കതയും മുതിർന്നവരുടെ ഉത്തരവാദിത്വങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന സുന്ദരവും സങ്കീർണ്ണവുമായ കാലഘട്ടമാണ് കൗമാരം. കൗമാരം എന്നത് കേവലമൊരു പ്രായമല്ല. അത് ചിറകുകൾ മുളയ്ക്കുന്ന, ആകാശത്തേക്ക് പറന്നുയരാൻ താൽപര്യപ്പെടുന്ന ഒരു കാലമാണ്. എന്നാൽ, കാറ്റിന്റെ ഗതി കൃത്യമായി തിരിച്ചറിയാൻ കഴിയാത്ത ഒരു കാലഘട്ടംകൂടിയാണിത്. ലോകാരോഗ്യസംഘടനയുടെ പുതിയ കണക്കുപ്രകാരം ലോകത്ത് 130 കോടിയോളം കൗമാരക്കാരുണ്ട്. ആഗോളജനസംഖ്യയുടെ 16 ശതമാനമാണിത്. ഇവരിൽ 90 ശതമാനവും വികസ്വര മധ്യവർഗ വരുമാന രാജ്യങ്ങളിലാണ് ജീവിക്കുന്നത്. ഇന്ത്യയിൽ ഏകദേശം 25.3 കോടി കൗമാരക്കാരുണ്ടെന്നാണ് കണക്ക്. രാജ്യത്തെ ആകെ ജനസംഖ്യയുടെ 20 ശതമാനമാണിത്. ലോകത്ത് ഏറ്റവും കൂടുതൽ കൗമാരക്കാരുള്ളത് നമ്മുടെ രാജ്യത്താണ്. സമകാലീന കാലഘട്ടത്തിൽ കൗമാരക്കാർ നേരിടുന്ന മാനസിക വെല്ലുവിളികൾ മുൻതലമുറകളെ അപേക്ഷിച്ച് ശ്രുക്ഷമാണ്.

ലോകത്തെമ്പാടുമുള്ള കൗമാരക്കാരിൽ ഏഴിലൊരാൾ വിവിധതരത്തിലുള്ള മാനസിക വെല്ലുവിളികൾ നേരിടുന്നുണ്ട്. നാഷണൽ ഹെൽത്ത് സർവെയുടെ കണക്കുപ്രകാരം ഇന്ത്യയിലെ കൗമാരക്കാരിൽ 7 മുതൽ 10 ശതമാനംവരെ ആളുകൾക്ക് ചികിത്സ ആവശ്യമായിട്ടുള്ള മാനസികാരോഗ്യ പ്രശ്നങ്ങളുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. കൗമാരക്കാരെ ബാധിക്കുന്ന ആകെ രോഗങ്ങളുടെ 3 ശതമാനം മുതൽ 15 ശതമാനം വരെ വിഷാദവും ഉത്കണ്ഠയും പോലുള്ള രോഗങ്ങളാണ്. നമ്മുടെ രാജ്യത്തെ 15 മുതൽ 25 വയസ്സുവരെയുള്ള യുവജനങ്ങളുടെ മരണകാരണങ്ങളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നത് ആത്മഹത്യയാണ്. കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ കാണപ്പെടുന്ന അനാരോഗ്യവും പോഷകാഹാരക്കുറവും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. രാജ്യത്ത് 56 ശതമാനം മുതൽ 59 ശതമാനം വരെ ആളുകൾ കടുത്ത വിളർച്ച അനുഭവപ്പെടുന്നവരായതിനാൽ ഇവരുടെ ക്ഷേമം പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 16.2 ശതമാനം

കൗമാരക്കാരാണ്. ദേശീയ ശരാശരിയേക്കാൾ ഉയർന്ന സാക്ഷരതയും ആരോഗ്യ നിലവാരവുമുണ്ടെങ്കിലും കുട്ടികളുടെ മാനസിക വെല്ലുവിളികൾ കേരളത്തിൽ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 2025-ൽ മാത്രം 18 വയസ്സിന് താഴെയുള്ള 359 കുട്ടികളാണ് ആത്മഹത്യചെയ്തത്. 2024-ൽ 332-ഉം 2023-ൽ 270-ഉം ആണ് ആത്മഹത്യ ചെയ്തവരുടെ എണ്ണം. എന്നാൽ ഇപ്പോഴത്തെ കണക്കനുസരിച്ച് ആത്മഹത്യ ചെയ്തവരുടെ എണ്ണം 359 ആയി വർധിച്ചിരിക്കുകയാണ്. വിദ്യാർഥികളുടെ ആത്മഹത്യാനിരക്ക് കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇരട്ടിച്ചതായി മനസ്സിലാക്കാൻ കഴിയുന്നതിനാൽ ഈ ബില്ലിന് വളരെയേറെ പ്രാധാന്യമുണ്ട്. ഡിജിറ്റൽയുഗത്തിലെ സമ്മർദ്ദങ്ങൾ, നവസാങ്കേതികവിദ്യയുടെ പകിട്ട് എന്നിവ കൗമാരക്കാരെ വല്ലാതെ ആകർഷിക്കുന്നുണ്ട്. ഇന്ത്യയിലെ 60 ശതമാനം കൗമാരക്കാരും സോഷ്യൽ മീഡിയ സമ്മർദ്ദങ്ങൾക്ക് ഇരയാകുന്നവരാണ്. പലപ്പോഴും അപകടം പതിയിരിക്കുന്ന ചതിയിടങ്ങൾ അറിയാതെ വിദ്യാർഥികൾ പ്രത്യേകിച്ച് പെൺകുട്ടികൾ വാട്സ് ആപ്പ്, ട്വിറ്റർ, ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയവയുടെ ഉപയോഗത്തിൽപ്പെടുകയും ഇതിന്റെ ഭാഗമായി ഇന്റർനെറ്റ്

വഴി പരിചയപ്പെട്ട് ലൈംഗിക ചൂഷണത്തിനിരയാകുകയും തുടർന്ന് ആത്മഹത്യയിലേക്ക് പോകുന്ന സാഹചര്യങ്ങളും സംസ്ഥാനത്ത് കണ്ടുവരുന്നുണ്ട്.

ഡിജിറ്റൽ അഡിക്ഷൻ, സോഷ്യൽ മീഡിയ താരതമ്യം, cyberbullying, കടുത്ത ഉൽകണ്ഠയും വിഷാദവും, ഉൽകണ്ഠാരോഗങ്ങളുടെയും വിഷാദരോഗങ്ങളുടെയും വർധനവ്, ഭാവി കരിയറിനെ സംബന്ധിച്ചും സ്വന്തം ഐഡന്റിറ്റിയെക്കുറിച്ചുമുള്ള അമിതമായ ചിന്തകൾ, കഠിനമായ പഠനഭാരവും പരീക്ഷാഭയവും.....

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്, ഇനിയും ബില്ലുകളുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ മറ്റംഗങ്ങൾക്ക് സംസാരിക്കാനുള്ള സമയം അപഹരിക്കില്ല. പരീക്ഷാഭീതി, ജോലി സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച ആശങ്കകൾ എന്നിവയെല്ലാം അവരിലെ മാനസിക സമ്മർദ്ദം വർധിപ്പിക്കുന്നതുകൊണ്ട്, പെരുമാറ്റ വൈകല്യങ്ങളും അതിന്റെ ഭാഗമായുള്ള ദേഷ്യവും കൗമാരക്കാരിൽ വർധിച്ചുവരുന്ന സാഹചര്യം കണ്ടുവരുന്നുണ്ട്.

ലഹരിവസ്തുക്കളുടെ ഉപയോഗം നാട്ടിൽ വർധിച്ചുവരുന്നതിനാൽ

അതിനെതിരായി സർക്കാർ ചില നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കൗമാരക്കാരുടെ മസ്തിഷ്ക വളർച്ചയേയും ജീവിതത്തേയും ബാധിക്കുകയും അവരെ കടുത്ത മാനസികസമ്മർദ്ദത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു. ഇതിന് രണ്ടുമൂന്ന് പരിഹാരമാർഗ്ഗങ്ങൾ കൂടി നിർദ്ദേശിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കാം.

കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കേണ്ടതിന്റെയും രക്ഷിതാക്കൾ അവരോട് ഒരു സുഹൃത്തിനെപ്പോലെ പെരുമാറേണ്ടതിന്റെയും ആവശ്യകത ഈ കാലഘട്ടത്തിൽ ഊന്നിപ്പറയേണ്ടതായിട്ടുണ്ട്. അവരെ സൂക്ഷ്മമായി കേൾക്കാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികളെ മറ്റുകുട്ടികളുമായോ ആ വീട്ടിലെതന്നെ കുട്ടികളുമായോ താരതമ്യപ്പെടുത്തുന്ന സമീപനം ഒഴിവാക്കണം.

കുട്ടികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനുവേണ്ട നടപടികൾ എല്ലാ ഭാഗത്തുനിന്നും സ്വീകരിക്കാൻ കഴിയണം. ഒരു

പരാജയമുണ്ടായാൽ അവരെ വഴക്കുപറയുന്നതിനുപകരം സാരമില്ല, അടുത്ത പ്രാവശ്യം നമുക്കത് മാറ്റിയെടുക്കാമെന്ന ആത്മവിശ്വാസം കൗമാരക്കാർക്ക് പകർന്നുകൊടുക്കാൻ കഴിയണം, സ്നേഹം പ്രകടിപ്പിക്കണം.

ഡിജിറ്റൽ അതിരുകൾ ഏതുവരെയാകാം എന്നതിനെ സംബന്ധിച്ച് കൃത്യമായ തീരുമാനം സർക്കാരിന്റെ/വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നന്നായിരിക്കും. കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുന്നത് സംബന്ധിച്ച് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണം നൽകുന്നത് നന്നായിരിക്കും. കുട്ടികളിൽ വ്യായാമവും വിനോദവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിക്കണം. വീട്ടിലായിരുന്നാലും സ്കൂളിലായിരുന്നാലും തീരുമാനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം.

കുട്ടികളുടെ വ്യക്തി സ്വാതന്ത്ര്യം ഹനിക്കാതിരിക്കുന്നതിന് രക്ഷകർത്താക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ടതായുണ്ട്. കുട്ടികളുടെ ഡയറികൾ രഹസ്യമായി വായിക്കുക, ഫോൺ രഹസ്യമായി

പരിശോധിക്കുക തുടങ്ങിയ കാര്യങ്ങൾ ഒഴിവാക്കി അവരെ വിശ്വാസത്തിലെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൗമാരപ്രായക്കാരുടെ മാനസികമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സ്കൂളുകൾക്ക് വലിയ പങ്കുണ്ട്. സ്കൂൾ അവരുടെ രണ്ടാമത്തെ വീടായതുകൊണ്ട് സ്കൂളുകളിൽ കൗൺസിലിങ് സേവനങ്ങൾ ശക്തിപ്പെടുത്തണം. ആരോഗ്യപ്രവർത്തകരുടെ അടുത്തേയ്ക്ക് കുട്ടികളെ എത്തിക്കാതെ അംഗീകാരമുള്ള കൗൺസിലർമാരെ സ്കൂളുകളിലേക്ക് അയച്ച് ഇത്തരത്തിലുള്ള കുട്ടികൾക്ക് പരീക്ഷയേയും റിസൾട്ടിനെയും സംബന്ധിച്ച ഭയം ഒഴിവാക്കി മുന്നോട്ടുപോകാനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിന് കൗൺസിലിങ് സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തണം.

അധ്യാപകർ സിലബസ്/പുസ്തകം പഠിപ്പിക്കുന്നവരായി മാത്രം മാറാതെ, രക്ഷകർത്താക്കളുടെ സ്ഥാനത്തുനിന്നുകൊണ്ട് കുട്ടിയുടെ സ്വഭാവ വ്യതിയാനങ്ങൾ കൃത്യമായി വിലയിരുത്താനും അത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനും പ്രധാന പങ്കുവഹിക്കണം. നൈപുണ്യ വിദ്യാഭ്യാസം, ലഹരിക്കെതിരായ പ്രതിരോധം തുടങ്ങിയ കാര്യങ്ങളെല്ലാം

ഇതിന്റെ ഭാഗമായി ചെയ്യാൻ കഴിയണം. സൈബർ സുരക്ഷാ ബോധവൽക്കരണം സ്കൂളുകളിൽ നൽകാൻ കഴിയണം. ഇതിനുവേണ്ടി പി.ടി.എ. കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. വല്ലപ്പോഴുമൊരിക്കൽ കൗമാരക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ വരുന്ന രക്ഷകർത്താക്കൾ എന്നുള്ള കൺസപ്റ്റ് മാറ്റി, ദൈനംദിനം അധ്യാപകരും സ്കൂളുമായും സഹകരിക്കുന്ന ഒരു സമീപനം വളർത്തിക്കൊണ്ടുവരാൻ രക്ഷകർത്താക്കൾക്ക് കഴിയണം. ചുരുക്കത്തിൽ കുറ്റപ്പെടുത്തലുകളില്ലാത്ത സ്നേഹവും സുരക്ഷിതത്വവും നൽകുന്ന ഒരു രണ്ടാം വീടായി മാറാൻ സ്കൂളുകൾക്ക് സാധിച്ചാൽ കൗമാരക്കാരുടെ പകുതിയിലധികം മാനസികപ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും.

ഞാൻ ഈ ബില്ലിന്റെ ഉള്ളടക്കമാണ് പൊതുവായി അവതരിപ്പിച്ചത്. ഇതിന്റെ അവസാനഘട്ടത്തിലേക്ക് കടക്കുകയാണ്. ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാലയളവാണ് കൗമാരം. ഓരോ മനുഷ്യന്റെയും ഉള്ളിൽ ഒരിക്കലും മരിക്കാത്ത ഒരു കൗമാരമുണ്ട്. എത്ര പ്രായമായാലും നമ്മൾ തിരികെപ്പോകാൻ ആഗ്രഹിക്കുന്നതും ആ സ്വപ്നങ്ങളുടെ കാലത്തേക്കാണ്.

ആനന്ദപൂർണ്ണവും ആസ്വാദ്യകരവുമായ കൗമാരകാലമാണ് ആരോഗ്യമുള്ള ഒരു വ്യക്തിയുടെ അടിത്തറ. ഭാവിപൗരന്മാർ എന്ന നിലയിൽ ഇവരുടെ കൗമാരകാലം ആനന്ദപൂർണ്ണമാക്കുന്നതിന് സഹായം നൽകാനുള്ള ബാധ്യത ഓരോ രക്ഷകർത്താവിനും ബന്ധപ്പെട്ട മുതിർന്ന പൗരന്മാർക്കുമുണ്ട്. കേരളജനത ഒന്നടങ്കം സ്വപ്നം കാണുന്ന നവകേരള സൃഷ്ടി, നാടിന്റെ ശോഭനമായ ഭാവി നമ്മുടെ നാടിന്റെ നട്ടെല്ലായ യുവതലമുറയിലൂടെയാണ്. ഈ പ്രതീക്ഷ അവരിലൂടെ പങ്കുവയ്ക്കാൻ നമുക്ക് കഴിയണം. അതുകൊണ്ടുതന്നെ കൗമാരപ്രായക്കാർക്ക് മെച്ചപ്പെട്ട മാനസികാരോഗ്യം നൽകുന്നതിന് ഉതകുന്നവിധത്തിൽ ഒരു നയം രൂപീകരിച്ച് ഈ ബില്ലിൽ വിവരിക്കുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിയമനിർമ്മാണം കൊണ്ടുവരണമെന്നും ബിൽ അംഗീകരിക്കണമെന്നും ഞാൻ വിനയപൂരസ്സരം അഭ്യർഥിക്കുന്നു.

<u>ശ്രീ. പഴകുളം മധു</u>: സർ, ഈ വിഷയം ഏറ്റവും ശ്രദ്ധേയമായി നടപ്പാക്കേണ്ട ഒരു കാര്യമാണ്. ഞാൻ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായിരിക്കുമ്പോൾ പത്തനംതിട്ട ജില്ലയിൽ

2010-2015 കാലയളവിൽ 'സാന്ത്വനം' എന്ന പേരിൽ 0 മുതൽ 18 വരെ ഏജ് ഗ്രൂപ്പിൽപ്പെട്ട കുട്ടികൾക്കായി (അങ്കണവാടി-ഹയർസെക്കണ്ടറി) അഡോളസന്റ് മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പാക്കിയിരുന്നു. ചീഫ് മിനിസ്റ്ററുടെ ഇന്നവേഷൻ ഓഫ് പബ്ലിക് പോളിസി അവാർഡും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ അവാർഡും ലഭിച്ച ഒരു പ്രോജക്ടാണത്. ഇന്നത്തെ കാലത്ത് അഡോളസന്റിന്റെ മെന്റൽ ഹെൽത്ത് ഏറ്റവും ശ്രദ്ധേയമായൊരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയിൽ അത് നടപ്പാക്കാനുള്ള സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞു. സഭ ഏറ്റവും ഗൗരവത്തോടെ നടപ്പാക്കേണ്ട ഒരു വിഷയമാണ് പ്രൈവറ്റ് മെമ്പർ ബില്ലായി ഇവിടെ അവതരിപ്പിക്കപ്പെട്ടതെന്ന് സൂചിപ്പിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സ്റ്റീഫൻ പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അദ്ദേഹം അതിന്റെ കാരണങ്ങളെക്കുറിച്ചും സ്വീകരിക്കേണ്ട പരിഹാരമാർഗങ്ങളെ സംബന്ധിച്ചും വ്യക്തമാക്കുകയുണ്ടായി. ഈ സമൂഹം ശ്രദ്ധിക്കേണ്ട വിഷയം

തന്നെയാണിത്. ഇന്ന് രക്ഷിതാക്കളും കുട്ടികളും തമ്മിൽ വലിയൊരു അകൽച്ചയുണ്ട്. കാരണം, രക്ഷിതാക്കൾ രാവിലെ ജോലിക്കും മക്കൾ പഠിക്കാനും പോകുന്നു. വൈകുന്നേരം ഇവർ തമ്മിൽ കാണുമ്പോൾ ആദ്യം ചോദിക്കുന്നത് 'എത്ര മാർക്ക് കിട്ടി' എന്നാണ്. അല്ലാതെ അന്നുണ്ടായ സംഭവങ്ങളെക്കുറിച്ചോ അതുവരെയുള്ള കുട്ടികളുടെ ആകുലവിഷമതകളെക്കുറിച്ചോ ചോദിക്കാറില്ല. എത്ര മാർക്ക് കിട്ടിയെന്ന് ചോദിച്ച് അതിനു മറുപടി പറഞ്ഞാൽ, അടുത്ത വീട്ടിലെ കുട്ടിക്ക് എത്ര മാർക്ക് ലഭിച്ചെന്നാണ് പിന്നീട് തിരക്കുന്നത്. അടുത്ത വീട്ടിലെ കുട്ടിക്ക് ഈ കുട്ടിയേക്കാൾ മാർക്ക് കൂടുതൽ ലഭിച്ചാൽ പിന്നെ ശകാരമായി. ഇങ്ങനെയുള്ള പല കാരണങ്ങൾ കുട്ടികളിൽ മാനസികമായ തകർച്ചയുണ്ടാക്കുന്നുണ്ട്. എന്ത് ചെയ്താലും ശാസന മാത്രമാകുമ്പോൾ കുട്ടികൾക്ക് അത് താങ്ങാൻ കഴിയില്ല. ഇന്നത്തെ കുട്ടികൾ പഴയ തലമുറയെപ്പോലെയല്ല. മുമ്പുള്ള രക്ഷിതാക്കൾ മക്കളെ ചൂരലുകൊണ്ട് അടിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ ഇന്ന് അങ്ങനെ ചെയ്താൽ കുട്ടികൾ ആത്മഹത്യയിലേക്ക് വരെ ചിന്തിക്കുന്ന സാഹചര്യമാണ്. വിദ്യാലയങ്ങളിലും ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ട്.

ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സ്റ്റീഫൻ കൗമാരക്കാരായ കുട്ടികളുടെ എല്ലാ പ്രശ്നങ്ങളെക്കുറിച്ചും പറയുകയും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇതെല്ലാം പൊതുവായി ചർച്ച ചെയ്ത് നടപ്പിലാക്കേണ്ട കാര്യങ്ങളാണ്. ഒരു പൊതുചർച്ച നടത്തിയാൽ ഇക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന് കണ്ടെത്താം. കേവലം ഒരു നിയമം കൊണ്ട് മാത്രം ഇതെല്ലാം നടപ്പിലാക്കാൻ സാധിക്കില്ല. ഇത് ഇന്നത്തെ തലമുറയുടെ മാനസിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. അതുകൊണ്ട് വിപുലമായ ഒരു പൊതുചർച്ച നടത്തി നമുക്കൊരു കൺക്ലൂഷനിൽ എത്താം. ഈ ബിൽ പാസാക്കിയത് കൊണ്ട് മാത്രം ഈ വിഷയത്തിൽ പ്രത്യേകിച്ച് ഒരു നേട്ടവും ഉണ്ടാക്കാൻ സാധിക്കില്ല.

മി.സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ, അങ്ങ് ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: വളരെയേറെ പ്രാധാന്യമുള്ള വിഷയമാണ് ഇതെന്ന് മന്ത്രിമാർ തന്നെ സൂചിപ്പിച്ച സാഹചര്യത്തിൽ ഈ ബില്ലിന്മേൽ തുടർ ചർച്ച വേണമെന്നുള്ള അഭ്യർഥനയാണ് എനിക്കുള്ളത്.

മി.സ്പീക്കർ: ബിൽ തുടർചർച്ചയ്ക്ക് മാറ്റിവെയ്ക്കാം.

2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ

ശ്രീ. എൻ. കെ. അക്ബർ: 2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാർക്കായി നിർമ്മിച്ചിട്ടുള്ള പാതകളിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാൽനടയാത്രക്കാരെ റോഡിലേക്ക് ഇറങ്ങി നടക്കാൻ നിർബന്ധിതരാക്കുന്ന ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ പോലീസിന്റെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ പ്രത്യേക പരിശോധനകൾ നടത്തിവരാറുണ്ട്. വാഹനങ്ങൾ നിയന്ത്രണം വിട്ട് കാൽനടയാത്രക്കാരെ ഇടിക്കുന്നത്

ഒഴിവാക്കുന്നതിനും നടപ്പാതകളിലേക്ക് വാഹനങ്ങൾ അനധികൃതമായി കയറ്റി പാർക്ക് ചെയ്യുന്നത് തടയുന്നതിനുമായി പ്രധാന റോഡുകളിലെല്ലാം ഗാർഡ് റെയിലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും ഗാർഡ് റെയിലുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട റോഡ് അതോറിറ്റികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കുകയും ജില്ലാ റോഡ് സുരക്ഷാ യോഗങ്ങളിലും ട്രാഫിക് അഡ്വൈസറി കമ്മിറ്റികളിലും സമയാസമയങ്ങളിൽ അറിയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാഴ്ചപരിമിതിയുള്ള കാൽനടയാത്രക്കാരുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിനും അവർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനുമായി 'പെലിക്കൻ സിഗ്നൽ' (Pelican Signal) സംവിധാനങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തിരക്കേറിയ ജങ്ഷനുകളിലും സ്കൂളുകൾക്ക് സമീപവും ഇവ കൂടുതലായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, ഇന്ത്യയിലാദ്യമായി തൃശ്ശൂർ ട്രാഫിക് പോലീസിന്റെ കീഴിൽ വിജയകരമായി നടപ്പാക്കിയ കാഴ്ച-ശ്രവണ പരിമിതിയുള്ളവർക്ക് പരസഹായമില്ലാതെ

സുരക്ഷിതമായി റോഡ് മുറിച്ചുകടക്കാൻ സഹായിക്കുന്ന 'ബഡ്ഡി സീബ്ര ക്രോസിങ് ട്രാഫിക് സിഗ്നൽ സംവിധാനം' സംസ്ഥാനത്തെ മറ്റ് പ്രധാന നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാന പോലീസിന്റെ നേതൃത്വത്തിൽ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി നടപ്പാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ വൈറ്റ് കാർപ്പറ്റ്'. നടപ്പാതകളിലൂടെ തടസ്സമില്ലാതെ സുരക്ഷിതമായി ആളുകൾക്ക് നടന്നുപോകാനുള്ള സാഹചര്യം ഒരുക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'ഓപ്പറേഷൻ വൈറ്റ് കാർപ്പറ്റ്' വളരെ ഫലപ്രദമായ ഒരു നടപടിയായിട്ടാണ് കാണാൻ സാധിച്ചിട്ടുള്ളത്. നടപ്പാതകളിലെ കൈയേറ്റങ്ങൾ, നിയമവിരുദ്ധമായ പാർക്കിങ്ങുകൾ, മറ്റ് തടസ്സങ്ങൾ എന്നിവ ഫോട്ടോ സഹിതം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 'ട്രാഫിക് ഐ' (Traffic i) വാട്ട്സ്ആപ്പ് സംവിധാനം നടപ്പാക്കി പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. പൊതുജനങ്ങളിൽ ആർക്ക് വേണമെങ്കിലും നിയമലംഘനങ്ങളുടെ ഫോട്ടോ എടുത്ത് പോലീസിന്റെ

ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ നടപ്പാതകളിലേക്ക് തങ്ങിനിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ ട്രാഫിക് എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, കൈയേറ്റം ഒഴിപ്പിക്കൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പി.ഡബ്ല്യു.ഡി. പോലുള്ള മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത സുരക്ഷാ പദ്ധതികളും തുടർനടപടികളും സ്വീകരിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ, പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2026 ഒക്ടോബർ 16-ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എൻ. കെ. അക്ബർ അവതരണാനുമതി അപേക്ഷിച്ചിട്ടുള്ള '2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബില്ലിന് അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ നിരാകരിക്കാവുന്നതാണ്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം

ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് നിലവിൽ സ്വീകരിക്കുന്നുണ്ട്. ഈ ബില്ലിലൂടെ ശ്രീ. എൻ. കെ. അക്ബർ ഉന്നയിക്കുന്ന വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഇതിന്മേൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ട്രാഫിക് സംവിധാനങ്ങൾ ഇനിയും മെച്ചപ്പെടുത്താൻ ശ്രമിക്കും. പ്രധാനപ്പെട്ട നഗരങ്ങളിൽ പാർക്കിങ്ങിനായി പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തേണ്ടത് വളരെയധികം അത്യാവശ്യമാണ്. പല സ്ഥലങ്ങളിലും 'പേ ആൻഡ് പാർക്ക്' സംവിധാനങ്ങൾ നിലവിലുണ്ട്. വൻകിട നഗരങ്ങളിൽ ഇത്തരം സംവിധാനങ്ങൾ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്നത് വസ്തുതയാണ്. കാൽനട യാത്രക്കാരുടെ സുരക്ഷിതത്വവും അതോടൊപ്പം അവരുടെ സൗകര്യവും ഉറപ്പുവരുത്തേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. അക്കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമെന്ന കാര്യം അങ്ങയിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബറിനെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>മി.സ്പീക്കർ</u>: ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കും അഡീഷണലായി

ഒന്നും പറയാനില്ലെന്ന് കണക്കാക്കുകയാണ്. അതുകൊണ്ട് ശ്രീ. എൻ. കെ. അക്ബർ, അങ്ങേയ്ക്ക് ഈ വിഷയത്തിൽ ഒരു ഹ്രസ്വ പ്രസ്താവന നടത്താവുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, അൻപത് ശതമാനം മരണങ്ങളും ദേശീപാതയിലെ റോഡപകടങ്ങൾ കാരണമാണ് സംഭവിച്ചതെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കഴിഞ്ഞദിവസത്തെ ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. അതിൽ മരണപ്പെട്ടവരിൽ കൂടുതലും കാൽനടയാത്രക്കാരായിരുന്നുവെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അതിനുകാരണം സഞ്ചാരസംവിധാനമില്ലാത്തതാണ്. ഒരു സമൂഹത്തിന്റെ പുരോഗതി അളക്കേണ്ടത് അവിടത്തെ റോഡിന്റെ വീതികൊണ്ടല്ല, അവിടത്തെ ഏറ്റവും ദുർബലനായ വ്യക്തിക്ക് സുരക്ഷിതമായി നടക്കാൻ സാധിക്കുന്നുണ്ടോ എന്നതിനെ അടിസ്ഥാനമാക്കിയാണ്. ഈ ബിൽ, ഒരു വികസന പ്രശ്നം മാത്രമല്ല മനുഷ്യന്റെ അന്തസ്സിന്റെ പ്രശ്നമാണ് മുന്നോട്ടുവയ്ക്കുന്നത്. സുരക്ഷിതമായി നടക്കാൻ കഴിയുന്ന നടപ്പാതകൾ നാഗരികതയുടെ

അളവുകോലാണ്. ഇന്ന് ലോകത്തിലെ മുൻനിര നഗരങ്ങൾ മുന്നോട്ടുപോകുന്നത് കാറിന് കൂടുതൽ വീതിയുള്ള റോഡ് നൽകിയിട്ടല്ല, മനുഷ്യന് കൂടുതൽ സുരക്ഷിതമായ നടപ്പാത നൽകിയിട്ടാണ്. കോപ്പൻഹേഗൻ, പാരീസ്, ബാഴ്സലോണ, ബൊഗോട്ട തുടങ്ങിയ രാജ്യങ്ങൾ ഇത് തെളിയിച്ചു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ധാരാളം യാത്ര ചെയ്യുന്ന വ്യക്തിയാണ്. വിഷൻ സീറോ പദ്ധതിപ്രകാരം, ഒരു കാൽനടയാത്രക്കാരൻ മരിച്ചാൽ തെറ്റ് അയാളുടേത് അല്ല, റോഡ് രൂപകല്പന ചെയ്ത സംവിധാനത്തിന്റേതാണ് എന്നാണ്. ഇതേ ചിന്തയാണ് ഈ ബില്ലിന്റെ അടിസ്ഥാനം. കേരളം വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ ലോകത്തിന് മാതൃകയായ നാടാണ്. നടപ്പാതയുടെ കാര്യത്തിലും നമുക്ക് മാതൃകയാകണം. ഈ നാട്ടിൽ വഴിനടക്കാനുള്ള അവകാശം ഒരു പുതിയ ആശയമല്ല. അയ്യങ്കാളി വെങ്ങാനൂരിലെ പൊതുവഴിയിലൂടെ വില്ലുവണ്ടി ഓടിച്ചത് ആ അവകാശത്തിനുവേണ്ടിയാണ്. വൈക്കത്ത് ടി. കെ. മാധവനും കെ. കേളപ്പനും കേശവമേനോനും മന്നത്ത് പത്മനാഭനും ഉൾപ്പെടെയുള്ളവർ അടികൊണ്ടതും ജയിലിൽ പോയതും ഇത്തരം അവകാശത്തിനായാണ്.

അന്ന് വഴി തടഞ്ഞത് ജാതിയായിരുന്നുവെങ്കിൽ ഇന്ന് തടയുന്നത് കൈയേറ്റങ്ങളും അനധികൃത പാർക്കിങ്ങും ഭരണത്തിന്റെ അനാസ്ഥയുമാണ്. തടസ്സത്തിന്റെ രൂപം മാറിയെങ്കിലും തത്വം ഒന്നുതന്നെ. പൊതുവഴി പൊതുജനത്തിനാണ്. അന്ന് ആ അവകാശം നേടിയത് സമരം കൊണ്ടാണ്. ഇന്ന് ഈ അവകാശം ഉറപ്പാക്കേണ്ടത് നിയമം കൊണ്ടാണ്. കേരളത്തിലെ നടപ്പാതകളിൽ സുരക്ഷിതമായി നടക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിനും ലംഘനമുണ്ടായാൽ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിനുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ ആണ് '2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ'. ഇത് ഗൗരവതരമായി കാണേണ്ട വിഷയമാണ്. കാൽനടയാത്രക്കാരുടെ നടപ്പാതയിലെ അവകാശങ്ങൾ, നിരോധനങ്ങൾ, സർക്കാരിന്റെയും പ്രാദേശിക ഭരണകൂടങ്ങളുടെയും ഉത്തരവാദിത്വങ്ങൾ, പരാതി പരിഹാര സമിതി ഉൾപ്പെടെ ആറ് അധ്യായങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021 മുതൽ 2030 വരെയുള്ള കാലയളവ് ഐക്യരാഷ്ട്ര സഭ റോഡ് സുരക്ഷാ പ്രവർത്തന

ദശകമായി ആചരിക്കുകയാണ്. റോഡപകടമരണങ്ങൾ അൻപത് ശതമാനമെങ്കിലും കുറയ്ക്കുക എന്നാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഈ ഘട്ടത്തിലാണ് പ്രസ്തുത ബിൽ അവതരിപ്പിക്കുന്നത്. ഐക്യരാഷ്ട്രസഭപോലും വളരെ പ്രധാന്യത്തോടെ കാണുന്ന ഒരു കാലഘട്ടമാണിത്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലോകത്തെ റോഡപകടമരണങ്ങളിൽ ഏകദേശം നാലിലൊന്നും കാൽനട യാത്രക്കാരാണെന്നത് നമ്മെ ഭയപ്പെടുത്തുന്നതാണ്. വാഹനങ്ങൾ ഉപയോഗിച്ച് തുടങ്ങുന്നതിന് എത്രയോ മുമ്പുതന്നെ മനുഷ്യൻ നടക്കാൻ ആരംഭിച്ചിരുന്നു. വാഹനങ്ങളിൽ സഞ്ചരിക്കാനുള്ള അവകാശത്തേക്കാൾ മുമ്പുള്ളതാണ് നടക്കാനുള്ള പ്രാഥമിക അവകാശം. കാൽനടയാത്രക്കാരുടെ അവകാശം സംരക്ഷിക്കുന്നതിൽ നമ്മൾ എവിടെയോ പരാജയപ്പെട്ടു. വാഹനങ്ങളുടെ വരവോടെ നമ്മുടെ ഭാവനകൾ മാറിപ്പോയതാകാം ഇതിനുകാരണം. മോട്ടോർ വാഹനങ്ങൾക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിലാണ് നമ്മുടെയെല്ലാം ശ്രദ്ധ. ആദ്യകാലങ്ങളിൽ വാഹനങ്ങൾ ധനികരുടെ പക്കൽ മാത്രമായിരുന്നുവെങ്കിൽ പിൽക്കാലത്ത് വിലകുറഞ്ഞ വാഹനങ്ങൾ

വിപണിയിലെത്തുകയും മോട്ടോർ വാഹനങ്ങൾ റോഡുകൾ കീഴടക്കുകയും ചെയ്തു. ഇപ്പോൾ ഒരു രൂപയുണ്ടെങ്കിൽപ്പോലും കാർ ലഭിക്കും. ലോൺ ലഭിക്കാൻ വളരെ എളുപ്പമാണ്. ഇതോടെ വാഹനങ്ങളുടെ എണ്ണവും വർധിച്ചു. കാൽനടയാത്രക്കാർ റോഡുകളിൽനിന്നും പൂർണ്ണമായും പാർശ്വവൽക്കരിക്കപ്പെട്ടു. വാഹനാപകടങ്ങളിൽ കാൽനടയാത്രക്കാർ മരിക്കുന്നത് പതിവായി മാറുന്ന സാഹചര്യമുണ്ടായി. കാൽനട യാത്രക്കാരൻ എന്ന വാക്കുപോലും ഇന്ന് പരിഹാസ്യപ്പേരായി മാറിയിരിക്കുന്നു. പൊതുയിടങ്ങൾ മോട്ടോർ വാഹനങ്ങൾ ഉള്ളവരുടെമാത്രം കുത്തകയായി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് വളരെ പ്രധാനപ്പെട്ട ബില്ലാണെന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾ പ്രീ-ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് ഇംഗ്ലീഷിൽ ഒരു കഥ പഠിക്കാനുണ്ടായിരുന്നു. അതിൽ crossed the road without due care എന്നുപറയുണ്ട്. വളരെ ഹൃദയസ്പൃക്കായ ഒരു കഥയാണ്. ആലീസ് എന്ന വൃദ്ധ ലണ്ടൻ തെരുവിൽ റോഡിന്റെ പാതയോരത്ത് റോഡ് ക്രോസ് ചെയ്യുന്നതിനായി വാഹനങ്ങൾ കടന്നുപോകുന്നതും നോക്കി കാത്തുനിൽക്കുകയായിരുന്നു. അവസാനം കുറെ

ദൂരെയായി വാഹനം കണ്ട അവർ റോഡ് ക്രോസ് ചെയ്തു. ആ സമയം അവരെ വണ്ടിയിടിക്കുകയും മരണപ്പെടുകയും ചെയ്തു. അതിന് പോലീസ് എഴുതിയ റിപ്പോർട്ടിന് ഈ ടൈറ്റിലാണ് നൽകിയത്, അതായത് ശ്രദ്ധയില്ലാതെ റോഡ് മുറിച്ചുകടന്നുവെന്ന്. ഞാൻ ആംസ്റ്റർ ഡാമിൽ പോയി എന്ന് തെളിയിക്കാൻ വേണ്ടി പറയുന്നതല്ല, അവിടെ സൈക്കിൾ യാത്രക്കാർക്കായി ചുവപ്പ് നിറത്തിൽ നിർമ്മിച്ച പാതയും കാൽനട യാത്രക്കാർക്ക് മറ്റൊരു പാതയുമാണുള്ളത്. കാൽനടയാത്രക്കാരൻ വന്നാൽ മറ്റ് വാഹനങ്ങൾ നിർത്തിക്കൊടുക്കണമെന്നാണ് നിയമം. ഇത്തരം കാര്യങ്ങളാണ് എനിക്ക് ആംസ്റ്റർഡാമിൽ കാണാൻ സാധിച്ചത്. അത്തരത്തിലുള്ള ഒരു നിയമം ഇവിടെയുണ്ടാകണമെന്നാണോ ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്?

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, തീർച്ചയായും. Maniyar Iliyaz @ Shaik Riyaz vs P. Ayyappan on 19 June, 2026 എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി സുരക്ഷിതവും അടയാളപ്പെടുത്തിയതുമായ നടപ്പാതയിലൂടെ നടക്കാനുള്ള അവകാശം മൗലികാവകാശമാണെന്ന്

പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം നേരത്തെ സൂചിപ്പിച്ചതുപോലെ, നടപ്പാതയും കാൽനട ക്രോസിങ്ങുമില്ലാത്ത സ്ഥലത്ത് അച്ഛനോടൊപ്പം സ്കൂളിലേക്ക് പോകുമ്പോൾ ടാങ്കർ ലോറിയിടിച്ച് മരിച്ച അഞ്ച് വയസ്സുകാരന്റെ കേസ്സാണ് ആ സംഭവം. പൊതുജനങ്ങൾക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള അവകാശം സംരക്ഷിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെയും ബാധ്യതയാണെന്ന് കേരള ഹൈക്കോടതിയും വ്യക്തമാക്കിയിട്ടുണ്ട്. നടക്കാനുള്ള അവകാശം ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ അതിർത്തിക്കുള്ളിൽ എവിടെയും സ്വതന്ത്രമായി സഞ്ചരിക്കാൻ എല്ലാം പൗരന്മാർക്കും അവകാശമുണ്ടെന്ന് ഭരണഘടന വ്യക്തമാക്കുന്നു, അനുച്ഛേദം 19(1)(d) പ്രകാരം ഇത് ഉറപ്പുനൽകുന്നുണ്ട്. സ്വതന്ത്ര്യ സമരത്തിന്റെ പല ആശയങ്ങളും നടത്തത്തിലൂടെയാണ് രൂപപ്പെട്ടത്. ആ അർഥത്തിൽ നടത്തമെന്നത് വെറുമൊരു ചലനമല്ല, അത് ഭരണഘടനയിലെ അനുച്ഛേദം 19(1)(a) പ്രകാരമുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും അനുച്ഛേദം 19(1)(b) പ്രകാരം

ഒത്തുകൂടാനുള്ള അവകാശത്തിന്റെയും ഭാഗമാണ്.

നടപ്പാതകളിൽ കിയോസ്കുകൾ, താൽക്കാലിക കച്ചവടകേന്ദ്രങ്ങൾ, മറ്റ് അനധികൃത നിർമ്മാണങ്ങൾ എന്നിവ അനുവദിക്കുന്നത് പൊതുജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതാണ്. നടപ്പാതകൾ കാൽനടയാത്രയ്ക്കായി മാത്രമുള്ള പൊതുസൗകര്യമായി മാറണം. അവ കൈയേറി വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കരുത്. ഇത്തരം കൈയേറ്റങ്ങൾ കാൽനട യാത്രക്കാരെ റോഡിലേക്കിറങ്ങാൻ നിർബന്ധിതരാക്കുകയും അപകടസാധ്യത വർധിപ്പിക്കുകയും ചെയ്യുകയാണ്. നടപ്പാതയിൽ ഇടമില്ലാത്തതുകൊണ്ട് റോഡിലിറങ്ങി നടക്കേണ്ടിവരുന്നവരിൽ കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുമുണ്ട്. ഭിന്നശേഷിക്കാരിൽ കാഴ്ച പരിമിതിയുള്ളവർ നടപ്പാതകളില്ലാത്ത സ്ഥലങ്ങളിൽ വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ കാഴ്ചപരിമിതിയുള്ളവർക്ക് നടപ്പാത ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രത്യേക ടൈലുകൾ പതിക്കുക എന്ന ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത കിയോസ്കുകളും

കച്ചവടകേന്ദ്രങ്ങളും കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും നടപ്പാതകൾ കൈയേറ്റങ്ങളിൽനിന്ന് മുക്തമാക്കാൻ വേണ്ടിയാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. ഇങ്ങനെ കച്ചവടങ്ങളുടെ ഭാഗമായുള്ള കൈയേറ്റങ്ങൾ മാത്രമല്ല, കെ.എസ്.ഇ.ബി.എൽ.-ന്റെ പോസ്റ്റ്, പോലീസ് കേസ്സുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ, രാഷ്ട്രീയ-മത-സാമുദായിക സംഘടനകളുടെ ഫ്ലക്സ് ബോർഡുകൾ ഇതെല്ലാം കാൽനടയാത്രക്കാർക്ക് തടസ്സമുണ്ടാകുന്ന രീതിയിൽ സ്ഥാപിക്കുകയാണ്. വാഹനത്തിന് റോഡ്, കാൽനടയാത്രക്കാർക്ക് നടപ്പാത ഈ വേർതിരിവ് ഉറപ്പാക്കേണ്ടത് ഭരണകർത്താക്കളുടെ ചുമതലയാണ്. അത് നിർവഹിക്കാൻ ഓരോ ജനപ്രതിനിധിക്കും ഉത്തരവാദിത്വമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സണ്ണി ജോസഫിനുകൂടി താൽപര്യമുള്ള ഒരു കാര്യം ഇതിലുണ്ട്. ഈ നടപ്പാതകൾ സാധ്യമാകുന്നതിലൂടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സണ്ണി ജോസഫിന് സന്തോഷമുണ്ടാക്കുന്ന ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. പുതിയ സാങ്കേതികവിദ്യകൾ മനുഷ്യന്റെ അതിജീവനത്തെ ഓരോ ദിവസവും എളുപ്പവും സൗകര്യപ്രദമാക്കുകയും

ചെയ്യുന്ന ഈ കാലഘട്ടത്തിൽ യു.കെ.-യിലെ ഷ്രോപ്ഷെയറിൽ (Shropshire) ഒരു സ്മാർട്ട് നടപ്പാത ഒരുക്കിയ വാർത്ത കണ്ടിരുന്നു. റബ്ബർ കൊണ്ടുണ്ടാക്കിയ ടൈലും സ്റ്റെയിൻലെസ് സ്റ്റീലും ഉപയോഗിച്ചാണ് ഈ സ്മാർട്ട് നടപ്പാത തയ്യാറാക്കിയിരിക്കുന്നത്. ഇതിലൂടെ ആളുകൾ നടക്കുകയോ ഓടുകയോ ചെയ്യുമ്പോൾ ഈ എനർജി വൈദ്യുതിയായി മാറ്റിയെടുക്കാനുള്ള സംവിധാനമാണ് ഇതിനകത്തുള്ളത്. ഇതിൽനിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് മൊബൈൽ ഫോൺ ഉൾപ്പെടെ പല ഉപകരണങ്ങളും ചാർജ് ചെയ്യാൻ സാധിക്കുമെന്നാണ് വാർത്തയിൽ പറഞ്ഞിരിക്കുന്നത്. ഇതിന്റെ നിർമ്മാണം കുറച്ച് എക്സ്പെൻസീവാണ്. നേരത്തെ ദുബായ്, മിലാൻ, ഹോങ്കോങ് എന്നിവിടങ്ങളിലെല്ലാം ഈ പദ്ധതി രൂപീകരിച്ചതായും വാർത്തയിൽ പറയുന്നുണ്ട്. കേരളത്തിൽ നമുക്കിത് പരീക്ഷിക്കാവുന്നതാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. സണ്ണി ജോസഫ് ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇക്കാര്യമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വളരെ ഗൗരവതരമായ ബിൽ എന്ന നിലയിലാണ് എനിക്ക് ഇവിടെ പറയാനുള്ളത്. അതിനാൽ

ഈ ബിൽ കൂടുതൽ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഈ ബില്ലിൽ പറഞ്ഞ കാര്യങ്ങളോട് നമുക്ക് യോജിപ്പാണുള്ളത്. ഒരു ബില്ലോ നിയമമോ ഇല്ലാത്തതല്ല പ്രശ്നം. കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട്, 2007, ഈ ബില്ലിൽ പറഞ്ഞ മിക്കവാറും എല്ലാ കാര്യങ്ങളും ഉറപ്പുവരുത്തുന്ന ഒരു നിയമമാണ്. പക്ഷെ, നിയമങ്ങളുടെ അഭാവത്തേക്കാളുപരി നമ്മുടെ റോഡിൽ പെരുമാറുന്ന രീതി (റോഡ് കൾച്ചർ), അതാണ് തെറ്റായി പൊയ്ക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരു വാഹനം പോകുന്നതിനിടയിൽ കാൽനടയാത്രക്കാരൻ വന്നാൽ ആ വാഹനം നിർത്തണമെന്നതാണ് നമ്മുടെ നിയമം. എന്നാൽ നിർത്തില്ലായെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് വെഹിക്കിൾ ഫസ്റ്റ് എന്നതിൽനിന്ന് പട്ടണങ്ങളിൽ പെഡസ്ട്രിയൻ ഫസ്റ്റ് (ആദ്യം കാൽനടക്കാരൻ), അതിനെ പെഡസ്ട്രിയനൈസേഷൻ എന്നാണ് വിളിച്ചുവരുന്നത്. എന്നാൽ ഹൈവേയിൽ നേരെ തിരിച്ചാണ്. ഹൈവേയിൽ വെഹിക്കിൾ ഫസ്റ്റ് അവിടെ പെഡസ്ട്രിയൻ പാടില്ല. അതുകൊണ്ട് പെഡസ്ട്രിയനൈസേഷൻ

എന്നുള്ളത് നമ്മുടെ നയമാണ്. അതിന്റെ ഭാഗമായി, ഞാൻ സഭയിൽ മുൻപൊരിക്കൽ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർപേഴ്സണായ കേരള റോഡ് സുരക്ഷാ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആ സമിതിയിൽ ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ഉൾപ്പെടെ എട്ട് മന്ത്രിമാർ അംഗങ്ങളായുണ്ട്. 2026 നവംബർ 15-ാം തീയതി ഇത്തരം അപകടങ്ങളിൽപ്പെട്ട് മരിച്ച വ്യക്തികളുടെ അന്താരാഷ്ട്ര ഓർമ്മ ദിനമാണ്. ആ ദിനത്തിൽത്തന്നെ പ്രസ്തുത സമിതിയുടെ പ്രവർത്തനം ആരംഭിക്കാനാണ് ആലോചിക്കുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു വിഷയംകൂടി ചേർത്ത് പറയുകയാണെങ്കിൽ, സീബ്രാ ക്രോസിങ് മനുഷ്യർക്കുവേണ്ടിയാണോ സീബ്രകൾക്കുവേണ്ടിയാണോ എന്ന് ചോദിച്ചാൽ, നമുക്കുവേണ്ടിയാണ്. സീബ്രാ ക്രോസിങ്ങിന് വീതി കുറവായതിനാൽ അതിലൂടെ നടക്കാൻ ജനങ്ങൾക്ക് ഭയമുണ്ട്. പ്രധാന ജങ്ഷനുകളിൽ ഇപ്പോഴത്തെ നാല് മീറ്റർ എന്നത് എട്ടോ ഒൻപതോ മീറ്റർ വീതിയുള്ള സീബ്രാ ലൈനാക്കി മാറ്റിയാൽ ജനങ്ങൾക്ക് കൂട്ടത്തോടെ റോഡ് മുറിച്ചുകടക്കാൻ സാധിക്കും. സീബ്രാ ലൈനിന്റെ രണ്ടറ്റത്തും സിഗ്നലുകൾ

സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ, വളരെ സമഗ്രമായി കേരള റോഡ് സുരക്ഷാ മിഷൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി അതിനൊരു ഡയറക്ടറേറ്റും സി.ഇ.ഒ.-യും ഉദ്യോഗസ്ഥരും ഉണ്ടാകും. അദ്ദേഹം പറഞ്ഞതുപോലെ റോഡ് സുരക്ഷാ മിഷന്റെ പ്രവർത്തനത്തിലൂടെ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കണമെന്ന ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ, ഈ ബില്ലിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബർ നല്ല ഉദ്ദേശ്യത്തോടെ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിത്. അദ്ദേഹം ഇവിടെ ഉന്നയിച്ച കാര്യം ശരിയാണ്. എത്ര വലിയ വ്യക്തിയായാലും വിദേശ രാജ്യങ്ങളിൽ പോയാൽ അവിടെ റെഡ് ലൈറ്റ് കണ്ടാൽ നിൽക്കുകയും കാൽനടയാത്രക്കാർക്ക്

പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള പാതകളിലൂടെ സഞ്ചരിക്കുകയും ചെയ്യണമെന്നത് ശരിയാണ്. എന്നാൽ ട്രാഫിക് നിയമങ്ങൾ അല്പവും പാലിക്കാത്ത ഒരു സംസ്ഥാനമായി കേരളം മാറുന്നുണ്ട്. റോഡപകടങ്ങളുണ്ടാകുന്നതിന് കാരണം നല്ലൊരു ശതമാനം ആളുകളും അലക്ഷ്യമായി വാഹനം ഓടിക്കുന്നതും മദ്യപിച്ച് വാഹനം ഓടിക്കുന്നതും റോഡ് മുറിച്ചുകടക്കേണ്ടത് എവിടെയാണെന്ന് മനസ്സിലാക്കാതെ എല്ലാ സ്ഥലങ്ങളിലൂടെയും റോഡ് മുറിച്ചുകടക്കുന്നതുകൊണ്ടും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതുകൊണ്ടുമാണ്. അതൊരു വലിയ പ്രശ്നംതന്നെയാണ്. ചില ആളുകൾ നമ്മുടെ ചെവി പൊട്ടിപ്പോകുന്ന തരത്തിലാണ് വാഹനങ്ങളുടെ ഹോൺ മുഴക്കുന്നത്. വിദേശ രാജ്യങ്ങളിൽ ഇതുപോലെ ഹോൺ മുഴക്കുന്നത് കേൾക്കാറില്ല. ഹോൺ മുഴക്കുന്നത് മറ്റ് യാത്രക്കാരെ അപമാനിക്കുന്നുവെന്നാണ് കരുതുന്നത്.

<u>മി. സ്പീക്കർ</u>: വാഹനങ്ങളുടെ ഇടതുവശത്തുകൂടിയും വലതുവശത്തുകൂടിയും ഓവർടേക്ക് ചെയ്യുന്ന അവസ്ഥയുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ട്രാഫിക് നിയമലംഘനങ്ങൾ

ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും മാത്രമാണുള്ളത്. ഈ നിയമലംഘനങ്ങളുടെ ഇരയായി മാറുന്നത് കാൽനടയാത്രക്കാരാണെന്ന് ശ്രീ. എൻ. കെ. അക്ബർ പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. റോഡുകളിൽ ട്രാഫിക് ജാമുണ്ടാക്കുകയും വാഹനങ്ങൾ ഒരു നിന്ത്രണവുമില്ലാതെ റോഡുകളിൽ പാർക്ക് ചെയ്യുന്നതും അപകടങ്ങളുടെ തോത് ഉയർത്തുന്നുണ്ട്. നമുക്ക് ഇനിയും പാർക്കിങ് സ്ഥലങ്ങൾ ആവശ്യമാണ്. വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വീട്ടിൽത്തന്നെ മൂന്നുംനാലും വാഹനങ്ങളാണുള്ളത്. അച്ഛനും അമ്മയ്ക്കും മക്കൾക്കും വെവ്വേറെ വാഹനങ്ങളാണുള്ളത്. ഇങ്ങനെ വാഹനങ്ങളുടെ എണ്ണം കുമിഞ്ഞുകൂടുകയാണ്. അതുപോലെ സ്കൂട്ടർ, ഓട്ടോറിക്ഷ എന്നിവയുടെ എണ്ണവും വർധിക്കുകയാണ്. അതിനനുസരിച്ച് റോഡിന് വികസനമുണ്ടാകുന്നില്ല. അതൊടൊപ്പം പാർക്കിങ് സൗകര്യങ്ങളുമില്ല. വാഹനങ്ങളുടെ പാർക്കിങിന് സ്ഥലം കണ്ടെത്തേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. ഇപ്പോൾ വാഹനങ്ങൾ എല്ലാ

സ്ഥലങ്ങളിലുംകൊണ്ട് പാർക്കുചെയ്യുകയാണ്. അതിനെ ചോദ്യം ചെയ്യുന്നവരോട് മോശമായി പെരുമാറുകയും പോലീസുദ്യോഗസ്ഥരുമായി വഴക്കുണ്ടാക്കുകയുമാണ്. ഇതൊക്കെയാണ് നമ്മുടെ സംസ്ഥാനത്തെ പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ ട്രാഫിക് വകുപ്പുതന്നെ വിദ്യാർഥികൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നുണ്ട്. ട്രാഫിക് പോലിസുമായി അനാവശ്യമായി വഴക്കിടുന്നവരുമുണ്ട്. ഇതൊക്കെ പൗരബോധത്തിന്റെ ഭാഗം കൂടിയാണ്. റോഡ് എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കാനുള്ളതാണ്. പ്രത്യേകിച്ച് കാൽനടയാത്രക്കാർക്ക് വളരെ പ്രാധാന്യം നൽകേണ്ടതുണ്ട്.

ശ്രീ. പി. കെ. ഫിറോസ്: സർ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ആറുവരിപ്പാത വന്നതിനുശേഷം പുതുതായി ലൈസൻസ് ലഭിച്ചവരുൾപ്പെടെ, ഒരു ട്രാക്കിൽനിന്ന് തൊട്ടടുത്ത ട്രാക്കിലേക്ക് മാറുമ്പോൾ ഇൻഡിക്കേറ്റർ ഇടണമെന്ന് അറിയാത്ത വ്യക്തികളാണ്. അങ്ങനെയൊരു പരിശീലനം അവർക്ക് ലഭിച്ചിട്ടില്ല. അതുപോലെ സ്പീഡ് ട്രാക്കിൽ രാത്രിയിൽ വാഹനം പാർക്ക് ചെയ്തതുകൊണ്ടാണ് കഴിഞ്ഞ ദിവസം തൊട്ടുപുറകിൽ വന്ന

വാഹനമിടിച്ച് മൂന്നുനാല് ആളുകൾ മരിക്കാനിടയായത്. ആറുവരിപ്പാത വന്നതിനുശേഷമുള്ള സാഹചര്യംകൂടി മനസ്സിലാക്കി അതിനാവശ്യമായ രീതിയിൽ ഡ്രൈവിങ് പരിശീലനം നൽകേണ്ട സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും, ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ട്രാഫിക് നിയമങ്ങളുടെ ഭാഗമായി ധാരാളം കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് അങ്ങ് ആദ്യംതന്നെ സൂചിപ്പിച്ചിരുന്നു. എന്നാൽ മലയാളികൾ വിദേശ രാജ്യങ്ങളിൽ പോയാൽ എല്ലാ നിയമങ്ങളും പാലിക്കുകയും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യും. കേരളത്തിലാണ് അത് പാലിക്കാത്തതെന്നാണ് പറയുന്നത്. ശ്രീ. പി. കെ. ഫിറോസ് പറഞ്ഞതുപോലെ ഡ്രൈവിങ്ങിലും ഓവർടേക്കിങ്ങിലും റോഡ് ക്രോസിങ്ങിലും ട്രാഫിക് കൾച്ചർ ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണം നടത്താൻ സർക്കാർതലത്തിൽതന്നെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പി. കെ. ഫിറോസും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്.

നമ്മുടെ ട്രാഫിക് കൾച്ചർ വളർത്തിയെടുക്കണം. കേരളീയർക്ക് ട്രാഫിക് കൾച്ചറില്ല. ഒരു ഭാഗത്തേക്ക് വാഹനം തിരിക്കുമ്പോൾ എന്തുകൊണ്ടാണ് ഇൻഡിക്കേറ്റർ ഓൺ ചെയ്യാത്തത്? പലരും അത് ചെയ്യാറില്ല. അങ്ങനെ ചെയ്യാത്തതുകൊണ്ട് പിറകിലൂടെ വരുന്ന വാഹനം വന്നിടിച്ച് അപകടമുണ്ടാകുന്നു. പോലീസ് ഇതിനുവേണ്ടി പരിശീലനം നൽകുന്നുണ്ട്. സ്കൂളുകളിൽ ട്രാഫിക് നിയമങ്ങൾ പഠിപ്പിക്കുയും ട്രാഫിക് പാർക്ക് നിർമ്മിച്ച് അതിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം നൽകുന്നുണ്ടെങ്കിലും ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അവബോധം വന്നിട്ടില്ലെന്നത് സത്യമാണ്. എല്ലാവർക്കും തിരക്കുണ്ട്. കാൽനടയാത്രക്കാർക്കും അവരുടെ അവകാശങ്ങളുണ്ട്. വ്യായാമത്തിന്റെ ഭാഗമായി കാൽനടയാത്രക്കാരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, കുട്ടികളെ

സംബന്ധിച്ചിടത്തോളം ആറുവരിപ്പാത വരുന്നതോടുകൂടി ട്രാഫിക് പാർക്കിന്റെ പ്രാധാന്യം വർധിച്ചുവരികയാണ്. പല സ്ഥലങ്ങളിലും ട്രാഫിക് പാർക്ക് നിർമ്മിച്ചതല്ലാതെ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ആറന്മുളയിൽ ഒരു ട്രാഫിക് പാർക്ക് നിർമ്മിച്ചിരുന്നു. ഇപ്പോൾ ഉപയോഗിക്കാതെ അത് കാടുപിടിച്ചുകിടക്കുകയാണ്. സംസ്ഥാനത്തുടനീളമുള്ള ട്രാഫിക് പാർക്കുകൾ പുതിയ സാഹചര്യത്തിനനുസരിച്ച് പുനരാവിഷ്കരിച്ചുകൊണ്ട് കുട്ടികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കാനുള്ള ശ്രമമുണ്ടാകുമോ?

ശ്രീ. വി. ജോയി: സർ, ഒരു ജില്ലയിലെ പ്രധാനപ്പെട്ട റോഡിൽ ട്രാഫിക് വയലേഷൻ നടത്തുന്നവർക്കെതിരെ കടുത്ത ശിക്ഷ നൽകിയാൽ മാറ്റമുണ്ടാകും. ഹെൽമറ്റ് വയ്ക്കാത്തവർക്കെതിരെ കടുത്ത നിലപാട് സ്വീകരിച്ചപ്പോൾ ഏകദേശം 90 ശതമാനത്തോളം ആളുകൾ ഹെൽമറ്റ് വയ്ക്കുന്നുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക റോഡിൽ നിയമം ലംഘിച്ചാൽ ഉടൻ ശിക്ഷ നൽകുന്ന വിധത്തിൽ കടുത്ത നിലപാട് സ്വീകരിക്കാൻ സാധിച്ചാൽ, അത് ബാക്കിയുള്ള ആളുകളുടെകൂടി ശ്രദ്ധയിൽപ്പെടുത്താൻ സാധിക്കില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. അബിൻ വർക്കി കോടിയാട്ട് സൂചിപ്പിച്ചത്.....

ശ്രീ. എം. വിജിൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ വിദേശ രാജ്യങ്ങളിലെല്ലാം പ്രീ-സ്കൂളുകളിലും എൽ.പി. സ്കൂളുകളിലും ട്രാഫിക് നിയമങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന സിലബസുകളുണ്ട്. നമ്മുടെ സ്കൂളുകളിലേക്ക് അത്തരത്തിൽ ഒരു പീരീഡ് കൊണ്ടുവന്നാൽ കുട്ടികളെ ചെറുപ്പത്തിൽ തന്നെ ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാൻ സാധിക്കില്ലേ; അക്കാര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. വിജിനും ശ്രീ. അബിൻ വർക്കി കോടിയാട്ടും പറഞ്ഞത് ട്രാഫിക് പാർക്കുകളുടെ കാര്യമാണ്. ട്രാഫിക്ക് പാർക്കുകൾ കുട്ടികളിൽ അവബോധമുണ്ടാക്കാൻ വേണ്ടിയാണ് ആരംഭിച്ചത്. ശ്രീ. അബിൻ വർക്കി കോടിയാട്ട് പറഞ്ഞത് സത്യമാണ്. ആറന്മുളയിൽ മാത്രമല്ല പലസ്ഥലങ്ങളിലും ട്രാഫിക്ക് പാർക്കുകളുടെ പ്രവർത്തനം കാര്യമായി

നടക്കുന്നില്ല. ഏതായാലും ട്രാഫിക് പാർക്കുകൾ സജീവമാക്കാനുള്ള നടപടി സ്വീകരിക്കാം. ശ്രീ. വി. ജോയി പറഞ്ഞ കാര്യവും ശരിയാണ്. നെടുമ്പാശ്ശേരിയിലെ അപകടത്തിനുശേഷം ഒരു രാത്രി, 12 hours, ട്രാഫിക് പോലീസ് നടത്തിയ പരിശോധനയിൽ മദ്യപിച്ച് വാഹനമോടിച്ച 970 പേരെയാണ് ഒറ്റദിവസംകൊണ്ട് പിടികൂടിയത്. നിയമം കർശനമാണെങ്കിൽ അത് പാലിക്കാൻ ആളുകൾ നിർബന്ധിതരാകും. ആ സാഹചര്യം ഗൗരവമായി എടുക്കും. ഇവിടെ ഉന്നയിച്ച നിർദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. കാൽനടയാത്രക്കാർക്കാണ് പ്രാധാന്യമെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. റോഡ് നമുക്ക് എല്ലാവർക്കും വേണ്ടിയാണെന്ന ബോധമുണ്ടാകണം. വാഹനങ്ങൾ ഓടിക്കുന്ന ആളുകൾ വളരെ ശ്രദ്ധാപൂർവം ഓടിക്കണം. ട്രാഫിക് നിയമങ്ങൾ പാലിക്കണം. ട്രാഫിക് നിയമങ്ങൾ പാലിച്ചില്ലെങ്കിൽ ശക്തമായ നടപടിയുണ്ടാകും എന്നത് ഉറപ്പുവരുത്തണം. അക്കാര്യമാണ് ശ്രീ. വി. ജോയി ഉന്നയിച്ചത്. അക്കാര്യത്തോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുകയാണ്. ഇതിനുള്ള

നടപടികളുമായി മുന്നോട്ടുപോകും. ശ്രീ. എൻ. കെ. അക്ബറിനെ ഞാൻ അഭിനന്ദിക്കുന്നു. കാൽനടയാത്രക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി അദ്ദേഹം കൊണ്ടുവന്ന നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ നമ്മൾ ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് മോഡിഫിക്കേഷൻസ് വേണ്ട മേഖലകളിലെല്ലാം മോഡിഫൈ ചെയ്യാം. ട്രാഫിക് നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താം. അത് എൻഫോഴ്സ് ചെയ്യുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാം. ട്രാഫിക് നിയമങ്ങൾ പാലിക്കാത്തവർക്ക് കൂടുതൽ ശിക്ഷ നൽകാനും പൗരബോധം വളർത്തിയെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാം. നിയമം കൊണ്ടുവരുന്നത് ഇപ്പോൾ പ്രായോഗികമല്ല, പക്ഷേ ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കുമെന്ന് അങ്ങയെ ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇനി ഇത് പ്രസ് ചെയ്യേണ്ടതുണ്ടോ?

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, നിരവധി അംഗങ്ങൾ ഈ വിഷയത്തിൽ ഇടപെട്ട് സംസാരിച്ചതിൽനിന്നും ഇത് ഗൗരവപൂർവം

കാണേണ്ട കാര്യമാണെന്ന് അനുമാനിക്കാം. ശ്രീ. സണ്ണി ജോസഫ് സാറിനൊക്കെ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാനുണ്ടാകും. അതുകൊണ്ട് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അടുത്ത ചർച്ചയിലേക്ക് ഇത് ഡെഫർ ചെയ്യാം.

(iv) 2026-ലെ കേരള വയോജനക്ഷേമവും സമഗ്ര വികാസവും ബിൽ

ശ്രീ. കെ. കെ. വത്സരാജ്: സർ, 2026-ലെ കേരള വയോജനക്ഷേമവും സമഗ്ര വികാസവും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള വയോജന ക്ഷേമവും സമഗ്ര വികാസവും ബില്ലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുകയാണെങ്കിൽ, നല്ലൊരു ഉദ്ദേശശുദ്ധിയോടുകൂടിയാണ് അദ്ദേഹം ഈ ബില്ലിന് നോട്ടീസ് നൽകിയിരിക്കുന്നത്. വയോജനങ്ങൾക്ക് ആരോഗ്യപരമായ സുരക്ഷിതത്വവും ആനന്ദകരമായ വിദ്യാഭ്യാസ-വിനോദ സാഹചര്യങ്ങളും വേണമെന്നുള്ള ഒരു സദുദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ

വന്നിരിക്കുന്നത്. ഈ ബില്ലിന് നോട്ടീസ് കൊടുത്തതിനുശേഷം മറ്റൊരു പ്രധാനപ്പെട്ട കാര്യമുണ്ടായി. ഞാനന്ന് അവകാശപ്പെട്ടത് ലോകത്തിലെ തന്നെ ആദ്യത്തെ ഏറ്റവും പ്രധാനപ്പെട്ട നിയമമെന്നാണ്. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ വളരെ വിപുലമായി നൽകിക്കൊണ്ട് അവർക്കുവേണ്ടി ഒരു നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുകയും സബ്ജക്ട് കമ്മിറ്റിയിൽ അത് വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി അപ്രൂവ് ചെയ്തിരിക്കുകയാണ്. ഈ ബിൽ അടുത്ത ദിവസം നിയമസഭയിൽ ചർച്ചയ്ക്കെടുക്കും. ബഹുമാനപ്പെട്ട അംഗം ഈ ബില്ലിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം ഗവൺമെന്റ് ബില്ലിൽ ഉൾപ്പെടുന്നുണ്ട്. കുറച്ചുകൂടി വ്യാപ്തമായ രീതിയിലാണുള്ളത്. നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ദേഹം ഈ ബില്ലിന് നോട്ടീസ് നൽകിയതെങ്കിലും ഗവൺമെന്റ് ഇതൊരു ബില്ലായിതന്നെ നിയമസഭയിൽ അവതരിപ്പിച്ച് അതിന്റെ രണ്ടാം വായനയിലേക്കും മൂന്നാം വായനയിലേക്കും കടക്കുന്ന ഘട്ടമാണ്. അതുകൊണ്ടുതന്നെ പ്രസ്തുത ബില്ലിന്റെ അവതരണാനുമതി നിരാകരിക്കുന്നതാണ് ഉചിതം.

മി.സ്പീക്കർ: സർക്കാർ ഇതുമായി ബന്ധപ്പെട്ട ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ പ്രോസ്സസ്സ് നടക്കുന്നുണ്ട്. പ്രോസ്സസ്സിൽ നിൽക്കുന്ന ഗവൺമെന്റ് ബില്ലുമായി മുന്നോട്ടുപോകാമെന്നാണ് മുഖ്യമന്ത്രി അഷ്വർ ചെയ്തിട്ടുള്ളത്. അങ്ങേയ്ക്ക് ഏതാനും വാക്കുകൾ സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഈ ബിൽ കൊണ്ടുവരുന്ന സമയത്ത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇപ്രകാരമൊരു ബിൽ അവതരിപ്പിക്കുമെന്ന് അറിവുണ്ടായിരുന്നില്ല. നമ്മുടെ നാട്ടിലെ വയോജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സംബന്ധിച്ചും അതിനവർക്ക് സംരക്ഷണം നൽകുന്ന ഒരു നിയമനിർമ്മാണമുണ്ടാകേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയാണ് ഇങ്ങനെയൊരു പ്രൈവറ്റ് ബിൽ കൊണ്ടുവന്നത്.

മി.സ്പീക്കർ: ശ്രീ. കെ. കെ. വത്സരാജ്.. ഈ വിഷയവുമായി ബന്ധപ്പെട്ട ഗവൺമെന്റ് ബിൽ സഭയിൽ ചർച്ച ചെയ്യും. തദവസരത്തിൽ വിശദമായ ചർച്ചയാകാവുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബില്ലിലെ തന്നെ ചില കാര്യങ്ങൾ..

മി.സ്പീക്കർ: ഭേദഗതികൾ കൊണ്ടുവരുന്നതിനും അവസരങ്ങളുണ്ട്. അത് വലിയൊരു ബില്ലാണ്..

ശ്രീ. കെ. കെ. വത്സരാജ്: സർ, ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ച് അവസാനിപ്പിക്കാം. മുതിർന്ന പൗരന്മാരോട് സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച് നമ്മുടെ പുതിയ തലമുറയിലെ കുട്ടികൾക്ക് നൽകേണ്ട അവബോധത്തെക്കുറിച്ച് നേരത്തെ ബിൽ അവതരിപ്പിച്ച അവസരത്തിൽത്തന്നെ സൂചിപ്പിച്ചിരുന്നു. ബില്ലിന്റെ ഭാഗമായി, വിദ്യാലയങ്ങളിൽ ചെറിയ ക്ലാസുമുതൽ ഏറ്റവും ഉയർന്ന ക്ലാസുവരെയുള്ള വിദ്യാർഥികൾക്ക് അവരുടെ പാഠ്യപദ്ധതികളിൽ, മുതിർന്ന പൗരന്മാരെ പരിഗണിക്കേണ്ടതും സംരക്ഷിക്കേണ്ടതും സംബന്ധിച്ച കാര്യങ്ങൾ പഠനത്തിന്റെ ഭാഗമായി കൊണ്ടുവരണം. അക്കാര്യം ബില്ലിന്റെ ഭാഗമാക്കുന്നത് വളരെ പ്രധാനമാണെന്ന് കരുതുന്നു. കൂടാതെ മറ്റാരും സംരക്ഷിക്കാനില്ലാത്ത ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സന്നദ്ധ

സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടും ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഗവൺമെന്റ് ബില്ലിന്റെ ചർച്ചാവേളയിൽ അക്കാര്യങ്ങൾകൂടി സംസാരിക്കാൻ അവസരം നൽകണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുന്നു.

മി.സ്പീക്കർ: ഗവൺമെന്റ് ബില്ലിന്റെ ചർച്ചാവേളയിൽ തുടർ കാര്യങ്ങൾ ചർച്ചചെയ്യാവുന്നതാണ്. ശ്രീ. കെ. കെ. വത്സരാജിന് ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പ്രയോരിറ്റി നൽകാം.

ശ്രീ. കെ. കെ. വത്സരാജ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

(v) 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബില്ലിന് അവതരണാനുമതി നൽകണമെന്ന

ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ അവതരണാനുമതി ആവശ്യപ്പെട്ട 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും എന്ന ബില്ലിന്റെ ആശയങ്ങൾ പലതും ഇപ്പോൾതന്നെ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പാക്കി വരുന്നതാണ്. ഇതിലെ പ്രധാനമായ ആവശ്യം, പഞ്ചായത്ത് തിരിച്ചുള്ള ഡാറ്റാ വേണമെന്നും അവരെ വിന്യസിക്കാൻ സാധിക്കണമെന്നുമൊക്കെയാണ്. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിൽ നാല് വ്യത്യത പോർട്ടലുകളാണുണ്ടായിരുന്നത്. ഇതെല്ലാം ഏകീകരിച്ച് ഒറ്റ പോർട്ടലാക്കുകയും അതുവഴി പഞ്ചായത്ത് തിരിച്ചുള്ള ഡീറ്റെയിൽസ് ആർക്ക് വേണമെങ്കിലും ലഭ്യമാകുന്ന വളരെ ട്രാൻസ്പരന്റായ ഒരു പ്രോസസ്സാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. നാല് വ്യത്യസ്ത പോർട്ടലുകളായതുകൊണ്ട് കുറേ കൺഫ്യൂഷൻസ് ഉണ്ടായിരുന്നു. അതെല്ലാം മാറും. മാത്രമല്ല

ഓട്ടോമാറ്റിക്കലി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് ലിസ്റ്റ് ജനറേറ്റ് ചെയ്യുന്ന ഒരു സംവിധാനംകൂടി ഏർപ്പെടുത്തുകയാണ്. അതുകഴിയുമ്പോൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങളെല്ലാം അതുവഴി നടപ്പാകും. അതുകൊണ്ട് ഇതൊരു പുതിയ ബില്ലായി ഇപ്പോൾ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ അനവധി സ്വകാര്യ മേഖലാ സ്ഥാപനങ്ങളുണ്ട്. അവിടെ ഇതര സംസ്ഥാന തൊഴിലാളികൾ വന്ന് ജോലി ചെയ്യുന്നുണ്ട്. അവർ പ്രത്യേക സാഹചര്യത്തിൽ നാട്ടിലേക്ക് തിരിച്ച് പോകേണ്ട ഒരു വിഷയം വന്നാൽ നമ്മുടെ ഈ വ്യവസായ വ്യാപാര മേഖലകൾ സ്തംഭിക്കുന്ന ഒരു ഘട്ടം നിലവിലുണ്ട്. അതുകൊണ്ട് അതിനൊക്കെ പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലിലെ വസ്തുതകളാണ് ഞാനിവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം പെരുകി വരുന്നൊരു സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. 30 ലക്ഷത്തിൽപ്പരം യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന രജിസ്റ്റർ ചെയ്ത് അവസരങ്ങൾക്കായി

കാത്ത് നിൽക്കുകയാണ്. നാട്ടിലെ യുവാക്കൾക്ക്, ഒരു സർക്കാർ ജോലി എന്ന സ്വപ്നം പ്രതീക്ഷിക്കാൻ കഴിയാത്തൊരു സന്ദർഭമാണ് നിലവിലുള്ളത്. അതിന്റെ അളവ് ചുരുങ്ങുകയാണ്. പി.എസ്.സി.-യെപോലും നോക്കുകുത്തിയാക്കി പിന്നാമ്പുറ നിയമനങ്ങൾ നടന്ന കഴിഞ്ഞ കാലങ്ങൾ നമുക്ക് വിസ്മരിക്കാൻ കഴിയില്ല. നമ്മുടെ നാട്ടിൽ സ്വകാര്യമേഖലയിൽ ധാരാളം തൊഴിലവസരങ്ങളുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. അത് ഉപയോഗപ്പെടുത്താൻ തദ്ദേശീയരായ യുവാക്കളെ തയ്യാറാക്കുന്നില്ലെന്ന വസ്തുതയും നാം തിരിച്ചറിയേണ്ടതുണ്ട്.

മി.സ്പീക്കർ: താങ്കൾ സമയപരിധി പാലിച്ചാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഇതിന്റെ മറുപടികൂടി പറയാൻ കഴിയും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇതിന്റെ ചർച്ച മറ്റൊരു അവസരത്തേക്ക് മാറ്റിവയ്ക്കാനുള്ള താൽപര്യത്തോടുകൂടി തുടരുകയാണ്.. സ്വകാര്യ മേഖലയിലുള്ള എംപ്ലോയർമാർക്ക് തൊഴിലാളികളെ ലഭ്യമാക്കാൻ സാധിക്കുന്ന രീതിയിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ പഞ്ചായത്ത്, ജില്ലാ തലങ്ങളിലുണ്ടാകണം. അവർക്ക് മുൻഗണന നൽകാനും അവർ

ആവശ്യപ്പെടുമ്പോൾ തൊഴിലാളികളെ കൊടുക്കുവാനും ഈ എക്സ്ചേഞ്ച് മുഖേന സാധ്യമാകുന്ന ഒരവസ്ഥയാണ് ഉണ്ടാകേണ്ടത്. അതുമായി ബന്ധപ്പെട്ട താൽപര്യങ്ങളാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്. വിശദാംശങ്ങൾ സൂചിപ്പിക്കാൻ ബില്ലിന്റെ തുടർചർച്ച ആവശ്യമാണ്.

ശ്രീ. ഷിബു ബേബി ജോൺ: സർ, നിലവിൽ എംപ്ലോയ്മെന്റ് പോർട്ടലുണ്ട്. എന്നാൽ ഇതൊന്നും എഫക്ടീവ് അല്ലെന്നതാണ്... അദ്ദേഹം സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ശരിയാണ്. രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്ന് എവിടെ തൊഴിലുണ്ടെന്ന് അറിയാൻ വയ്യാത്തൊരു കാലഘട്ടത്തിൽ അത് ചൂണ്ടിക്കാണിക്കാൻ തുടങ്ങിയതാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്. ഇന്നും അതേ ജോലി തന്നെയാണ് അവ ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ സമഗ്രമായ പരിഷ്കാരം ആവശ്യമുണ്ട്. ഇപ്പോഴത്തെ പ്രൈവറ്റ് എംപ്ലോയ്മെന്റ് പോർട്ടലുകൾ ഏകോപിപ്പിച്ച് കൂടുതൽ എഫിഷ്യന്റാക്കാനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇപ്പോൾ ഈ ബില്ലിന്റെ ആവശ്യകതയില്ലെന്ന് സൂചിപ്പിക്കുന്നത്.

മി.സ്പീക്കർ: ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും.)

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്) ഇത്രയും ബില്ലുകൾ അവതരിപ്പിക്കാൻ അവസരം നൽകിയതിൽ ബഹുമാനപ്പെട്ട ചെയറിനെ അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ: യെസ്...

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 26-10-2026-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.28-ന് പിരിഞ്ഞു.)

****